# പന്ത്രണ്ടാം കേരള നിയമസഭ

## 16-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 121 | 27-12-2010 - ൽ മറുപടിക്ക്

### വൈദ്യുതി ബോർഡിന്റെ വിഭജനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ടി. എൻ. പ്രതാപൻ<br>ശ്രീ. എൻ. ശക്തൻ | എ.കെ. ബാലൻ<br>(പട്ടികസമുദായക്ഷേമവും ഊർജവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന വൈദ്യുതി ബോർഡിനെ മൂന്നു സ്ട്രാറ്റജിക് ബിസിനസ് യൂണിറ്റുകളാക്കി വിഭജിക്കണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ?<br><br>(ബി) ഇതിനായുള്ള കൈമാറ്റ പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) & (ബി) സംസ്ഥാന വൈദ്യുതി ബോർഡിനെ വിഭജിക്കാതെ ഒറ്റ പൊതുമേഖലാ സ്ഥാപനമായി നിലനിർത്താനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി ഇപ്പോൾ സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള വൈദ്യുതി ബോർഡിന്റെ ആസ്തി ബാധ്യതകൾ കേന്ദ്ര നിയമമായ ഇലക്ട്രിസിറ്റി ആക്ട് 2003 ലെ 131 വകുപ്പ് അനുസരിച്ച് പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള ഒരു പൊതുമേഖലാ കമ്പനിയിലേക്ക് പുനർനിക്ഷേപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി കൈമാറ്റ പദ്ധതി സർക്കാർ പരിഗണനയിലാണ്. ഈ പുതിയ കമ്പനിക്ക് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്നവിധം വികേന്ദ്രീകൃതമായ ഘടനയാണ് വിഭാവനം ചെയ്യുന്നത്. ഉൽപാദനം, പ്രസരണം, വിതരണം എന്നീ മേഖലകൾ പുതിയ കമ്പനിക്കുള്ളിൽ മൂന്നു വകുപ്പുകളായി പ്രവർത്തിക്കുന്നതിനാണ് സ്ട്രാറ്റജിക് ബിസിനസ് യൂണിറ്റുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) പ്രസരണം, ഉൽപാദനം, വിതരണം എന്നിവയ്ക്കായുള്ള പ്രത്യേക ബിസിനസ് യൂണിറ്റുകൾക്കായി കമ്പനികൾ രൂപീകരിക്കുന്ന നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ?<br><br>(ഡി) ഇവ എന്നുമുതൽ പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത് ? | (സി) & (ഡി) ഇല്ല.<br>കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന പേരിൽ ഒരു പബ്ലിക്ക് ലിമിറ്റഡ് കമ്പനി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കമ്പനി രജിസ്ട്രേഷനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറക്ക് വൈദ്യുതി ബോർഡിന്റെ ആസ്തി ബാധ്യതകൾ പുനർനിക്ഷിപ്തമാക്കുന്നതിനുള്ള ഉചിതമായ തീരുമാനങ്ങളും നടപടികളും സർക്കാർ കൈക്കൊള്ളുന്നതാണ്. പ്രത്യേക ബിസിനസ് യൂണിറ്റുകൾക്കായി പ്രത്യേക കമ്പനികൾ രൂപീകരിക്കുന്നതിന് ഉദ്ദേശിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ഇവ ഓരോന്നിന്റേയും കീഴിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിൽ വരുത്തുക എന്നത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഇ) | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന പേരിൽ രൂപീകൃതമാകുന്ന പൊതുമേഖലാ കമ്പനിക്കുള്ളിൽ ബന്ധപ്പെട്ട ആസ്തി ബാധ്യതകളുടെമേൽ കമ്പനിയുടെ പൂർണ്ണമായ നിയന്ത്രണത്തിനും മേൽനോട്ടത്തിനും വിധേയമായി അതത് മേഖലകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട കടമകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ഉൽപാദന, പ്രസരണ, വിതരണ മേഖലകളിൽ വിഭാവനം ചെയ്തിട്ടുള്ള സ്ട്രാറ്റജിക് ബിസിനസ് യൂണിറ്റുകൾക്ക് സ്വാതന്ത്ര്യവും ഉത്തരവാദിത്തവും ഉണ്ടായിരിക്കും. ഇതുവഴി ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

S. Mallika

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 122 — 27-12-2010- ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന തൊഴിലാളി ക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. യു.സി. രാമൻ :<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :<br>ശ്രീ. പി.കെ. അബ്ദു റബ്ബ് :<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന തൊഴിലാളി ക്ഷാമത്തെ ക്കുറിച്ച് സർക്കാരിനറിവുണ്ടോ ; ഇതേക്കുറിച്ച് പഠനങ്ങളെന്തെങ്കിലും നടത്തിയിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ; | എ) ഉണ്ട്. ഇതെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടില്ലെങ്കിലും തൊഴിലാളിക്ഷാമം രൂക്ഷമാണ് എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ദ്രുതഗതി യിലുള്ള യന്ത്രവത്ക്കരണം നടപ്പിലാക്കി കൊണ്ടിരി ക്കുകയാണ്. ഇന്ന് ഇന്ത്യയിൽ ഏറ്റവും വേഗത്തിൽ യന്ത്രവത്ക്കരണം നടപ്പിലാക്കുന്ന സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞു. നെൽക്കൃഷി മേഖലയിൽ ഏകദേശം 80 ശതമാനത്തിന് മേൽ യന്ത്രവത്ക്കരണം നടപ്പാക്കി കഴിഞ്ഞു. മറ്റു വിളകളിലും യന്ത്രവത്ക്കരണം നടപ്പിലാക്കി കൊണ്ടിരി ക്കുന്നു. |
| ബി) തൊഴിലാളിക്ഷാമത്തിന് യന്ത്രവൽക്കരണ ത്തിലൂടെ പരിഹാരമുണ്ടാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതൊക്കെ ജോലികളാണ് യന്ത്രവൽക്കരണത്തിലൂടെ നടത്താൻ സാധിക്കുമെന്ന് കണക്കാക്കുന്നത് ; | ബി) ഉണ്ട്. നെൽകൃഷിയുമായി ബന്ധപ്പെട്ട നിലം ഒരുക്കൽ, വിത്തു വിതയ്ക്കൽ/ഞാറുനടൽ, കൊയ്ത്തും മെതിയും എന്നീ ജോലികൾ യന്ത്രവത്ക്കരണത്തിലൂടെ നടത്താൻ സാധിക്കുന്നു. |
| സി) തുണ്ടു കൃഷിഭൂമികൾ കൂടുതലുള്ള സംസ്ഥാനത്ത് ലഘുയന്ത്രങ്ങളാണ് അനുയോജ്യ മെന്നതിനാൽ ലഘു യന്ത്ര നിർമ്മാണം, സബ്സിഡി നിരക്കിൽ അവ യഥാർത്ഥ കൃഷിക്കാർക്ക് വിതരണം ചെയ്യൽ, അവയുടെ അറ്റകുറ്റപ്പണി എന്നിവയ്ക്കായി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്താ ണെന്നും അവ വ്യാപകമാക്കാൻ ഉദ്ദേശിക്കു ന്നുണ്ടോ യെന്നും വിശദമാക്കുമോ ? | സി) തുണ്ടു കൃഷിഭൂമി കൂടുതലുള്ള സംസ്ഥാനത്ത് ലഘുയന്ത്രങ്ങളാണ് അനുയോജ്യം. ടി സാഹചര്യത്തിൽ കേരളത്തിനനുയോജ്യമായ ചെറിയ ട്രാക്ടർ, ഗാർഡൻ ടില്ലർ മുതലായവ കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ മുഖേന നിർമ്മിക്കുവാനും ടി യന്ത്രങ്ങൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന കർഷകർക്ക് വിതരണം ചെയ്യുവാനും എല്ലാ ജില്ലകളിലും ഉള്ള അവരുടെ വർക്ക്ഷോപ്പ് |

മുഖേന ടി യന്ത്രങ്ങൾക്ക് വേണ്ടി വരുന്ന അറ്റകുറ്റപ്പണികൾ നടത്തുവാനും ഉദ്ദേശി ക്കുന്നു. സബ്സിഡി നിരക്കിൽ ടി യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാകുന്നതാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 124 — 27.12.2010 ൽ മറുപടിക്ക്

### സഹകരണ വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ വായ്പ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പുമന്ത്രി) |
| എ) വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് വായ്പ നൽകുന്നതിന് സഹകരണ വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ; | എ) | അർഹതയുള്ള വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ച് അർഹതപ്പെട്ട അപേക്ഷകർക്ക് കാല താമസം കൂടാതെ യഥാസമയം വായ്പ ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സർക്കാർ/സർക്കാർ അംഗീകൃത കൗൺസിലുകൾ/എ.ഐ.സി.റ്റി.ഇ/അംഗീകൃത യൂണിവേഴ്സിറ്റികൾ തുടങ്ങിയവർ അംഗീകരിച്ച കോഴ്സുകൾക്ക് സർക്കാർ/സർക്കാർ അംഗീകൃത കോളേജുകളിൽ/സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് ബിരുദാനന്തര ബിരുദങ്ങൾ, പോസ്റ്റ് ഗ്രാഡ്വേറ്റ് പ്രൊഫഷണൽ ഡിപ്ലോമകൾ, ഗവേഷണങ്ങൾ, മെഡിക്കൽ, എഞ്ചിനീയറിംഗ്, അഗ്രിക്കൾച്ചറൽ, വെറ്റനറി നിയമം, ദന്തൽ, ബിസിനസ്സ് മാനേജ്മെന്റ്, കമ്പ്യൂട്ടർ, ഇൻഫർമേഷൻ ടെക്നോളജി, മീഡിയ, നേഴ്സിംഗ്, പാരാ മെഡിക്കൽ കോഴ്സുകൾ, ബിഫാം, സഹകരണ പ്രൊഫഷണൽ വിദ്യാഭ്യാസം, ടൂറിസം, ഹോട്ടൽ മാനേജ്മെന്റ് തുടങ്ങി കേരളത്തിലെ യൂണിവേഴ്സിറ്റികൾ/ഗവൺമെന്റ് അംഗീകരിക്കുന്ന എല്ലാ കോഴ്സുകൾക്കും വായ്പ ലഭിക്കുന്നതാണ്. വിദ്യാർത്ഥിയും, രക്ഷകർത്താവും കൂട്ടായി വായ്പ എടുക്കേണ്ടതാണ്. സഹകരണ സംഘം രജിസ്ട്രാർ/റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ/നബാർഡ് എന്നിവർ നിശ്ചയിച്ചിട്ടുള്ള പരിധിക്ക് വിധേയമായി ഇന്ത്യയ്ക്കകത്ത് 10 ലക്ഷം രൂപയും, വിദേശ പഠനത്തിന് 20 ലക്ഷം രൂപയും, വായ്പ ലഭിക്കുന്നതാണ്. വായ്പകൾക്ക് സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്ക് ബാധകമായിരിക്കും. കുടുംബ വാർഷിക വരുമാനം 4 ലക്ഷം രൂപ വരെയുള്ളവർക്ക് ബാങ്കുകൾ |

ഈടില്ലാതെ പരമാവധി 4.50 ലക്ഷം രൂപവരെയും അതിനു മുകളിൽ വായ്പ നൽകുന്നവർക്കും വാർഷിക വരുമാനം 4 ലക്ഷം രൂപയിലധികരിക്കുന്നവർക്കും വായ്പ തുകയുടെ തുല്യ മാർക്കറ്റ് വിലയുള്ള സ്വത്ത് ജാമ്യത്തിന്മേലോ, ഉദ്യോഗസ്ഥ ജാമ്യത്തിന്മേലോ വായ്പ ലഭിക്കുന്നതാണ്. കോഴ്സ് തീർന്ന് 6 മാസത്തിനു ശേഷമോ, ജോലി ലഭിച്ച 3 മാസത്തിന് ശേഷമോ ഏതാണോ ആദ്യം വരുന്നത് അന്നു മുതൽ വായ്പ തുക തിരിച്ചടച്ചാൽ മതിയാകുന്നതാണ്.

ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിൽ എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

ബി) പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് വായ്പ നൽകുന്നതിന് ഈ സർക്കാർ ശക്തമായ ഇടപെടലാണ് നടത്തിയിട്ടുള്ളത്. 2000-07 വർഷം 1003.43 ലക്ഷം രൂപയും 2007-08 വർഷം 1440.76 ലക്ഷം രൂപയും, 2008-09 2110.06 ലക്ഷം രൂപയും 2009-10 വർഷം 3078.99 ലക്ഷം രൂപയും വിദ്യാഭ്യാസ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

സി) സംസ്ഥാന സഹകരണ ബാങ്കുമായി ചേർന്ന് സ്കൈബ്ലൂ എന്റർപ്രൈസസ് നടപ്പാക്കിയ നഴ്സിംഗ് പഠന പദ്ധതിക്ക് വായ്പ അനുവദിച്ചതിൽ ബാങ്കിന് എത്ര കോടി രൂപ നഷ്ടമുണ്ടായെന്ന് വെളിപ്പെടുത്തുമോ;

സി) സംസ്ഥാന സഹകരണ ബാങ്കിന്റെ മുൻഭരണ സമിതി 31.12.2004-ലെ ബാങ്കിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനം 524 പ്രകാരം അംഗീകാരം നൽകിയ വിദ്യാഭ്യാസ വായ്പ പദ്ധതി അനുസരിച്ച് 18.05.2005-ലെ 133-ാം നമ്പർ തീരുമാന പ്രകാരം "സ്കൈ ബ്ലൂ" വിദ്യാഭ്യാസ വായ്പാ ഏജൻസിയായി അംഗീകരിച്ചു സംസ്ഥാന സഹകരണ ബാങ്കിന്റെ വിദ്യാഭ്യാസ വായ്പ വെറും 25 ലക്ഷത്തിനടുത്തായിരുന്നത് 2006-ൽ മുൻ ബാങ്ക് ഭരണ സമിതി അധികാരമൊഴിയുമ്പോൾ 43 കോടി രൂപയായി വർദ്ധിക്കുകയുണ്ടായി. ഇക്കാലയളവിൽ നഴ്സിംഗ് വിദ്യാഭ്യാസ വായ്പയായി നൽകിയ 40 കോടി രൂപയിലേറെ ബാങ്കിൽ ഇപ്പോൾ കുടിശ്ശികയാണ്. മുതലും പലിശയും അടക്കം ഏകദേശം 80 കോടി രൂപ ഈ ഇനത്തിൽ ബാങ്കിന് ലഭിക്കാനുണ്ട്. ഈ തുക ബാങ്കിന്റെ നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നു.

ഡി) വായ്പാ തട്ടിപ്പിനു പിന്നിൽ ഗൂഢാലോചന നടന്നിട്ടുള്ളതായി കരുതുന്നുണ്ടോ; ഇത് സംബന്ധിച്ച് അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ അന്വേഷണ പുരോഗതി വ്യക്തമാക്കുമോ?

ഡി) ഈ വായ്പാ പദ്ധതിയുമായി ബന്ധപ്പെട്ട് ഗൂഢാലോചന നടന്നിട്ടുണ്ടോ എന്നത് ഉൾപ്പെടെ പ്രസ്തുത വായ്പാ പദ്ധതി സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് തിരുവനന്തപുരം അന്വേഷണം നടത്തി വരുന്നു. അന്വേഷണ ഏജൻസി ആവശ്യപ്പെട്ട രേഖകൾ ബാങ്ക് കൈമാറി. അന്വേഷണം ഇപ്പോഴും തുടരുന്നു.

Rajendran

**സെക്ഷൻ ഓഫീസർ**

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 125

## 27-12-2010 ൽ മറുപടിക്ക്

## സഹകരണ ബാങ്കുകളിലെ സ്വർണ്ണപ്പണയ വായ്പകളുടെ പരിശോധന

| ചോദ്യം. | മറുപടി |
|---|---|
| ശ്രീ. എൻ. രാജൻ<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. ബാബു പോൾ<br>ശ്രീ. പി. തിലോത്തമൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പ മന്ത്രി) |
| എ) സഹകരണ ബാങ്കുകളിലെ സ്വർണ്ണ പ്പണയ വായ്പകളെക്കുറിച്ച് പരിശോധിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | എ) തീരുമാനിച്ചിട്ടുണ്ട് |
| ബി) ഈ പരിശോധനയ്ക്ക് ഏതെല്ലാം വിഷയങ്ങളാണ് ഉൾപ്പെടുത്തി യിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) സംസ്ഥാനത്തെ സഹകരണ സംഘങ്ങളും/ബാങ്കുകളും നൽകുന്ന സ്വർണ്ണപ്പണയ വായ്പകളുടെ സുതാര്യത ഉറപ്പു വരുത്തുന്നതിനായി പണയ ഉരുപ്പടികളിൽ മുക്കപണ്ടങ്ങളില്ലെന്ന് ഉറപ്പുവരുത്തുന്നതിന് വായ്പകൾക്ക് ഈട് വച്ച സ്വർണ്ണ ഉരുപ്പടികൾ വിശദമായി പരിശോധിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇപ്രകാരം പരിശോധന നടത്തുമ്പോൾ ക്രമക്കേടുകൾ കണ്ടെത്തിയാൽ ആയതും, സ്വീകരിച്ച നടപടികളും റിപ്പോർട്ട് ചെയ്യുന്നതോടൊപ്പം പത്തിലധികം വായ്പകൾ,ഒരേ വ്യക്തിക്ക് നല്കിയിട്ടുള്ളവയെ സംബന്ധിച്ച വിവരങ്ങളും പരിശോധന വിഷയങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) ഈ പരിശോധന എത്ര കാലം കൊണ്ട് പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ? | സി) പരിശോധന നടന്നുകൊണ്ടിരിക്കുകയാണ് 14 ജില്ലകളിലായി ഇതിനകം 1937 സഹകരണ സംഘം/ബാങ്കുകളിലായി 40,38,358 പാക്കറ്റ് |

കളിൽ പരിശോധന പൂർത്തിയായിട്ടുണ്ട്. എല്ലാ ജില്ലകളിലും ഏതാണ്ട് പൂർത്തിയാകാറായിട്ടുണ്ട്. ഏകദേശം 45 ലക്ഷത്തോളം പാക്കറ്റുകൾ സൂക്ഷ്മമായി പരിശോധിക്കേണ്ടിയിരിക്കുന്നതിനാലാണ് പരിശോധന പൂർത്തിയാക്കാൻ താമസം നേരിടുന്നത്

Rajendran

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 126 27.12.2010-ൽ മറുപടിയ്ക്ക്

വൈദ്യുതി ബോർഡിലെ കമ്പ്യൂട്ടർവത്ക്കരണത്തിനുള്ള കരാറിലെ ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. അടൂർ പ്രകാശ് | ശ്രീ.എ.കെ.ബാലൻ<br>പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ബോർഡിലെ കമ്പ്യൂട്ടർവത്ക്കരണത്തിനുള്ള കരാർ കൊറിയൻ കമ്പനിക്ക് നൽകിയതിലെ ക്രമക്കേടുകളെ സംബന്ധിച്ച് എന്തൊക്കെ അന്വേഷണങ്ങൾ നടത്തി എന്നറിയിക്കുമോ ; | (എ) വൈദ്യുതി ബോർഡിലെ വിതരണ മേഖലാ നവീകരണത്തിനുള്ള കമ്പ്യൂട്ടർവത്ക്കരണത്തിനുള്ള കരാർ കൊറിയൻ പൊതുമേഖലാ കമ്പനിക്ക് നൽകിയതു സംബന്ധിച്ച് സർക്കാർ തലത്തിൽ ഊർജ്ജ വകുപ്പ്, ധന വകുപ്പ്, നിയമ വകുപ്പ് എന്നിവയുടെ പരിശോധന നടന്നിട്ടുണ്ട്. കേന്ദ്ര നോഡൽ ഏജൻസിയായ പവർ ഫിനാൻസ് കോർപ്പറേഷനും ഇക്കാര്യം പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ട്. പരിശോധനകളിൽ ക്രമക്കേടൊന്നും കണ്ടിട്ടില്ല. |
| (ബി) കുറഞ്ഞ നിരക്കിൽ ഈ കരാർ നടപ്പിലാക്കാമെന്ന് സമ്മതിച്ച ഇൻഡ്യൻ കമ്പനിയെ ഒഴിവാക്കാനുള്ള കാരണങ്ങൾ എന്തൊക്കെ ; | (ബി) പി.എഫ്.സി അനുശാസിച്ചിട്ടുള്ള ടെണ്ടർ നിബന്ധനകൾ പ്രകാരം സാങ്കേതിക സ്കോറും സാമ്പത്തിക സ്കോറും കണ്ടെത്തി ആകെ സ്കോറിൽ കൂടുതൽ നേടുന്ന കമ്പനിയെയാണ് സക്സസ്ഫുൾ ബിഡ്ഡറായി തെരെഞ്ഞെടുക്കുന്നത്. ഇപ്രകാരം നിബന്ധനകൾ പാലിച്ച് സക്സസ്ഫുൾ ബിഡ്ഡറായി തെരെഞ്ഞെടുക്കപ്പെട്ട കൊറിയൻ പൊതുമേഖലാ കമ്പനിയായ KDA-നെക്കാൾ കുറഞ്ഞ തുക ക്വോട്ട് ചെയ്ത എം.ഐ.സി എന്ന കമ്പനി ഡാറ്റാ കളക്ടിവിറ്റിക്കുള്ള |

ബാൻറ്വിഡ്ത്ത് ചാർജ് എന്ന ഇനത്തിൽ 5 വർഷത്തിനു പകരം 3 വർഷം എന്ന് ക്വോട്ട് ചെയ്തത് ടെണ്ടർ നിബന്ധനകൾക്ക് വിരുദ്ധമായിരുന്നു. ഈ ഇനത്തിൽ പി.എഫ്.സി നിബന്ധന പ്രകാരം പ്രൈസ് ലോഡ് ചെയ്ത് പരിശോധിച്ചപ്പോൾ ഈ കമ്പനിയുടെ ക്വോട്ട് സക്സസ്ഫുൾ ബിഡ്ഡറേക്കാൾ കൂടിയ തുകയായി മാറി.

(സി) ഇതു സംബന്ധിച്ച കരാർ റീ ടെൻഡർ ചെയ്യണമെന്ന ആവശ്യം പരിഗണിക്കുകയുണ്ടായോ. ; എങ്കിൽ ഇക്കാര്യത്തിൽവൈദ്യുതി ബോർഡിന് എന്തൊക്കെ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) റീ ടെണ്ടർ ചെയ്യണമെന്ന ആവശ്യം പരിഗണിച്ച് പദ്ധതിയുമായി ബന്ധപ്പെട്ട കരാർ റദ്ദുചെയ്ത് റീ ടെണ്ടർ ചെയ്യാൻ സംസ്ഥാന മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ട്. ഇത് PFC യെ അറിയിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന വൈദ്യുതി ബോർഡിന് കോടികണക്കിന് രൂപയുടെ നഷ്ടം വരുത്തിയ ഈ കരാറിന് ഉത്തരവാദികളായവർ ആരൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) വൈദ്യുതി ബോർഡിന് നഷ്ടം സംഭവിച്ചിട്ടില്ല.

(ഇ) . അവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ?

(ഇ) ബാധകമല്ല.

S. [signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 127 — 27-12-2010- ൽ മറുപടിയ്ക്ക്

## കാലാവസ്ഥ വ്യതിയാനം കാർഷികോല്പാദനത്തെ ബാധിക്കുന്നത് സംബന്ധിച്ചുള്ള പഠനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. അനിരുദ്ധൻ :<br>ശ്രീ. രാജാജി മാത്യു തോമസ് :<br>ശ്രീമതി. ഇ.എസ്. ബിജിമോൾ :<br>ശ്രീ. വി.എസ്. സുനിൽകുമാർ : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കാലംതെറ്റി പെയ്യുന്ന മഴ വിവിധ കാർഷിക വിളകളെ എങ്ങനെ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ; | എ) ഉണ്ട്. കാലം തെറ്റി പെയ്യുന്ന മഴ വിവിധ വിളകളെ എങ്ങനെ ബാധിക്കുന്നുവെന്നുള്ള പഠനം കേരള കാർഷിക സർവ്വകലാശാല ഉൾപ്പെടെയുള്ള ഗവേഷണ കേന്ദ്രത്തിൽ നടന്നു വരികയാണ്.<br>കൂടാതെ കാലാവസ്ഥാ വ്യതിയാനം മൂലം കാർഷിക രംഗത്തുണ്ടാകുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിനും നഷ്ടം ലഘൂകരിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ ക്രോഡീകരിച്ച് കർഷകർക്ക് പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനെ പറ്റിയും പഠിക്കുന്നതിനുമായി കൃഷി ഡയറക്ടർ കൺവീനറും കേരള കാർഷിക സർവ്വകലാശാല, സ്പൈസസ് ബോർഡ്, റബ്ബർ ബോർഡ്, കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അംഗങ്ങളായുമുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഗവേഷണ പഠനങ്ങളുടെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ അസമയത്തുണ്ടാകുന്ന കനത്ത മഴ കാർഷിക വിളകളുടെ ഉൽപ്പാദനത്തേയും വിളവെടുപ്പിനെയും പ്രതികൂലമായി ബാധിക്കും എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അസമയത്തുള്ള മഴ രോഗ-കീട ബാധയ്ക്ക് അനുകൂല സാഹചര്യം സൃഷ്ടിക്കുകയും ഉൽപ്പാദന നഷ്ടത്തിന് കാരണമാകുകയും ചെയ്യുന്നു.<br>മാവ്, കശുമാവ് മുതലായ വിളകൾ പൂക്കുന്ന സമയത്തുണ്ടാകുന്ന കാലം തെറ്റിയ മഴ, ചെടികളുടെ ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. തുടർച്ചയായ മഴ റബ്ബർ |

ഉൽപ്പാദനത്തിലും വൻ കുറവുണ്ടാക്കുന്നു.

കാലം തെറ്റി പെയ്യുന്ന മഴ പച്ചക്കറി വിളകളുടെ ഉൽപ്പാദനത്തേയും കാര്യമായി ബാധിച്ചിട്ടുണ്ട്. കൂടാതെ ഈർപ്പമുള്ള അന്തരീക്ഷം നീരൂറ്റിക്കുടിക്കുന്ന പ്രാണികളുടെ വംശവർദ്ധനവിന് സഹായകരമാകയാൽ ചെടികളുടെ വളർച്ച മുരടിയ്ക്കുന്നത് കൂടാതെ വൈറസ് രോഗങ്ങൾ പടരുന്നതിനും കാരണമാകുന്നു.

ബി) നെല്ല്, പച്ചക്കറി, റബ്ബർ തുടങ്ങിയവയുടെ ഉൽപ്പാദനത്തെ ഇത് സാരമായി ബാധിച്ചിട്ടുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ബി) & സി) ഉണ്ട്. അസമയത്തുണ്ടാകുന്ന മഴ എല്ലാ വിളകളേയും ഏറിയും കുറഞ്ഞും ബാധിച്ചിട്ടുണ്ട്. നെല്ല്, റബ്ബർ, മാവ്, കശുമാവ്, പച്ചക്കറികൾ, മറ്റു പഴവർഗ്ഗങ്ങൾ എന്നിവയിൽ വമ്പിച്ച ഉൽപ്പാദന നഷ്ടത്തിനുള്ള സാദ്ധ്യത നിലനില്ക്കുകയാണ്. രണ്ടാംവിള ഇറക്കാൻ വൈകുന്നതുമൂലം വേനൽ മഴയിൽപ്പെട്ട് വിളനാശം ഉണ്ടാകുന്നതിനും സാദ്ധ്യതയുണ്ട്.

സി) ഉണ്ടെങ്കിൽ കർഷകരെ ഈ ദുരിതത്തിൽ നിന്നും കരകയറ്റുന്നതിനും കാർഷിക വിളകളെ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടു ത്തുമോ ?

പ്രകൃതിക്ഷോഭം, വെള്ളപ്പൊക്കം എന്നിവ മൂലമുള്ള നാശനഷ്ടം വിലയിരുത്തുന്നതിനും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി അനുസരിച്ച് കർഷകർക്ക് സഹായം നല്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. അപ്രതീക്ഷിതമായ കാലാവസ്ഥാ മാറ്റം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങളുടെ ആഘാതം ഒരു പരിധിവരെ കുറയ്ക്കുന്നതിന് വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് മൂലം കഴിയുന്നു. കൂടാതെ ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി പ്രകാരം നെല്ല്, വാഴ, മരച്ചീനി എന്നീ വിളകളെ 2010-11 റാബിവിള കാലത്ത് ഇൻഷ്വർ ചെയ്യാനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ നെൽകൃഷിയേയും പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ കശുമാവിനെയും ഇൻഷ്വർ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 128 27.12.2010 ൽ മറുപടിക്ക്

## ജാമ്യമില്ലാ വായ്പാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശികുമാർ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പുമന്ത്രി) |
| എ) സഹകരണ വകുപ്പ് ആവിഷ്ക്കരിച്ച ജാമ്യമില്ലാ വായ്പാ പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതോ, സ്ഥിരമായി മാസവരുമാനം ഇല്ലാതിരിക്കുകയോ, സ്വന്തമായി സ്ഥലമില്ലാതിരിക്കുകയോ, സ്ഥിരമായ മാസവരുമാനമുള്ള തൊഴിൽ ഇല്ലാതിരിക്കുകയോ, ജാമ്യം നൽകാൻ കഴിയാതിരിക്കുകയും ചെയ്യുന്നവരായ സമൂഹത്തിലെ സാധുക്കൾക്ക് പരമാവധി 10,000/- രൂപ കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുന്നതിന് ഉദ്ദേശിച്ചാണ് ജാമ്യമില്ലാ വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. സാധാരണക്കാർക്കും, കർഷകർക്കും ഇടത്തരകാർക്കും, അത്താണിയായി മാറിയിട്ടുള്ള സഹകരണ മേഖല, മേൽ ജനവിഭാഗത്തിന്റെ ചെറിയ ആവശ്യങ്ങൾക്ക്, അവരുടെ വിശ്വാസ്യത മാത്രം കണക്കിലെടുത്ത് ചെറു വായ്പകൾ നൽകുന്നത് ഇത്തരക്കാർക്ക് ആശ്വാസമായി കാണുന്നു. ഈ പദ്ധതി വിലയിരുത്തിയതിൽ, മേൽ ജനവിഭാഗത്തിന് വളരെ പ്രയോജനകരവും പലിശക്കാരിൽ നിന്നും ഒരു പരിധിവരെ മോചിപ്പിക്കാൻ സഹായകരവും ആണെന്ന് കാണുന്നു. ഈ പദ്ധതിക്ക് ആവശ്യമായ പ്രചാരം നൽകേണ്ടതാണെന്നും, കുറേക്കൂടി വായ്പ നൽകുന്നതിൽ സംഘങ്ങൾ നടപടികൾ കൈക്കൊള്ളേണ്ടതാണെന്നും വിലയിരുത്തിയിട്ടുണ്ട്. |
| ബി) ഒരാൾക്ക് പദ്ധതി പ്രകാരം എത്ര രൂപയാണ് പരമാവധി വായ്പ നൽകുന്നത്; വായ്പ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ്; | ബി) ഈ പദ്ധതിപ്രകാരം നൽകാവുന്ന പരമാവധി വായ്പ തുക ചുവടെ പരാമർശിക്കുന്നവിധം 10,000/- രൂപയാണ്. |

| വായ്പ കാലയളവ് | നൽകാവുന്ന തുക |
|---|---|
| 1 മാസം | 2,000/- രൂപ |
| 3 മാസം | 3,000/- രൂപ |
| 6 മാസം | 5,000/- രൂപ |
| 9 മാസം | 7,500/- രൂപ |
| ഒരു വർഷവും അതിന് മുകളിലും | 10,000/- രൂപ |

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതോ സ്ഥിരമായ മാസവരുമാനം ഇല്ലാതിരിക്കുകയോ, സ്വന്തമായി സ്ഥലമില്ലാതിരിക്കുകയോ, സ്ഥിരമായ മാസവരുമാനമുള്ള തൊഴിൽ ഇല്ലാതിരിക്കുകയോ, ചെയ്യുന്നവർക്ക് ഈ വായ്പ നൽകുന്നതാണ്.

അപേക്ഷകൻ സംഘം പ്രവർത്തന പരിധിയിൽ താമസിക്കുന്നയാളും, വായ്പ എടുക്കുന്നതിന് യോഗ്യതയുള്ള വ്യക്തിയു-മായിരിക്കണം. അപേക്ഷിക്കുന്ന വേളയിൽ സംഘത്തിലേയ്ക്ക് യാതൊരുവിധ കുടിശ്ശികയും ഉണ്ടാകാൻ പാടില്ലാത്തതും, വായ്പക്കാരന് ടി സ്ഥാപനത്തിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉണ്ടായിരി-ക്കേണ്ടതും, ഇല്ലെങ്കിൽ ഒരു സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കേ-ണ്ടതുമാണ്.

വായ്പയ്ക്ക് നിശ്ചിത ഫോറത്തിൽ അപേക്ഷിക്കുകയും പരിശോധനയിൽ അർഹതയുള്ള പക്ഷം 7 ദിവസത്തിനകം വായ്പ നൽകേണ്ടതും വായ്പാ ഇടപാടുകൾ രേഖപ്പെടുത്തുന്നതിന് ഒരു പാസ്സ് ബുക്ക് നൽകേണ്ടതുമാണ്.

വായ്പക്കാരന്റെ സ്വന്തം ജാമ്യത്തിലാണ് വായ്പ നൽകുന്നത്.

സി) ഇതിനകം എത്ര ലക്ഷം രൂപ വായ്പ നൽകിയിട്ടുണ്ട്; ജാമ്യമില്ലാ വായ്പ നൽകുന്നതിന് ചില സഹകരണ സ്ഥാപനങ്ങൾ വിസമ്മതിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ;

സി) ഇതിനകം 81,93,100/- (എൺപത്തി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി ഒരുന്നൂറ് രൂപാ മാത്രം) ജാമ്യമില്ലാ വായ്പയായി നൽകിയിട്ടുണ്ട്.

ജാമ്യമില്ലാ വായ്പ നൽകുന്നതിന് സഹകരണ സ്ഥാപനങ്ങൾ വിസമ്മതി-ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയത് ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഡി) വായ്പാ തിരിച്ചടവിൽ എന്തെല്ലാം ഇളവുകളാണ് പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഡി) വായ്പാ തുക പ്രതിദിന തവണകളായോ, പ്രതിവാര തവണകളായോ, പ്രതിമാസ തവണകളായോ വായ്പക്കാരന്റെ അപേക്ഷ പ്രകാരം തിരിച്ചടയ്ക്കാൻ അനുവദിക്കാ-

വുന്നതും, സംഘത്തിൽ നേരിട്ടോ, സംഘം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ മുഖേനയോ അടയ്ക്കാവുന്നതും, വായ്പ തുകയ്ക്ക് ചുവടെ പരാമർശിക്കുന്നവിധം നാമമാത്രമായ പലിശയോടു കൂടി തിരിച്ചടയ്ക്കാവുന്നതാണ്.

| കാലയളവ് | തുക | പലിശ തുക |
|---|---|---|
| 1 മാസം | 2,000/- | 10 രൂപ |
| 3 മാസം | 3,000/- | 45 രൂപ |
| 6 മാസം | 5,000/- | 150 രൂപ |
| 9 മാസം | 7,500/- | 300 രൂപ |
| ഒരു വർഷവും ആയതിന് മുകളിലും | 10,000/- | 700 രൂപ |

പരമാവധി ഒരു ശതമാനം മാത്രമേ പിഴ പലിശ ചുമത്തുന്നുള്ളൂ. എന്നാൽ ഭരണ സമിതിയ്ക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം പിഴ പലിശ ഒഴിവാക്കാവുന്നതാണ്.

Rajendran

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 129** **27/12/2010-ൽ മറുപടിക്ക്**

**ട്രൈബൽ മിഷന്റെ പ്രവർത്തനം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.എ.പി,അനിൽകുമാർ<br>ശ്രീ.ജോർജ്ജ് മേഴ്സിയർ | | ശ്രീ.എ.കെ. ബാലൻ<br>(പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| എ | സംസ്ഥാനത്തെ ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിനായി രൂപീകരിച്ച പ്രത്യേക ട്രൈബൽ മിഷന്റെ പ്രവർത്തനം പൂർണ്ണതോതിൽ നടക്കുന്നുണ്ടോ; | ഉണ്ട്. |
| ബി | എന്നു മുതലാണ് ഇത്തരത്തിൽ ഒരു പ്രത്യേക ട്രൈബൽ മിഷൻ രൂപീകരിച്ചതെന്നും ഇതുവരെ ഈ മിഷൻ ഈ രംഗത്ത് എന്തൊക്കെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ടെന്നും വിശദീകരിക്കുമോ; | 09.11.01 മുതലാണ് ഒരു പ്രത്യേക മിഷൻ രൂപീകരിച്ചിട്ടുള്ളത്.<br>ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണം നടത്തി പുനരധിവസിപ്പിക്കുന്നതിനും അവിടെ അടിസ്ഥാന സൗകര്യ വികസനത്തിനും, സുസ്ഥിര സാമ്പത്തിക വികസനത്തിനുമായുള്ള നിരവധി പ്രവർത്തനങ്ങൾ നടത്തുന്നതിനും ആദിവാസി പുനരധിവാസ വികസന മിഷൻ നേതൃത്വം നൽകി വരുന്നു. |

| | | |
|---|---|---|
| | | ഇതിൻെറ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.<br><br>1) ആദിവാസികൾക്ക് വിതരണം ചെയ്യാവുന്ന ഭൂമിയുടെ പരമാവധി വിവരങ്ങൾ ശേഖരിക്കുകയും അതിലൂടെ കണ്ടെത്തിയ ഭൂമി താഴെ പറയുന്ന 4 ഘട്ടങ്ങളിലായി വിതരണം നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.<br><br>**ഘട്ടം ഒന്ന്:-** സാങ്കേതികവും നിയമപരവുമായ തടസ്സങ്ങളില്ലാത്ത വിതരണ യോഗ്യമായ റവന്യൂ ഭൂമിയുടെ വിതരണം.<br><br>**രണ്ടാം ഘട്ടം:-** വിവിധ വകുപ്പുകളുടേയും സ്വയംഭരണ സ്ഥാപനങ്ങളുടേയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും കീഴിൽ ലഭ്യമാകുന്ന ഭൂമിയുടെ വിതരണം.<br>**മൂന്നാം ഘട്ടം:-** കേന്ദ്ര സർക്കാർ അനുമതിയോടെ ലഭ്യമാകുന്ന ഭൂമിയുടെ വിതരണം.<br>**നാലാം ഘട്ടം:-** ഭൂമി അക്വയർ ചെയ്ത് വിതരണം.<br><br>2) കൂടുതൽ ഭൂമി കണ്ടെത്തുന്നതിനായി 2003 മാർച്ച് മാസത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മറ്റി കണ്ടെത്തിയ ഭൂമിയിൽ വിതരണം നടത്താവുന്ന പരമാവധി ഭൂമി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുകയുമുണ്ടായി.<br><br>3) കേന്ദ്ര സർക്കാരിൽ നിന്ന് 42.09 കോടി രൂപ വില നൽകി കണ്ണൂർ ജില്ലയിലെ ആറളം ഫാം ഏറ്റെടുത്തു. ഇതിന്റെ പകുതി ഭാഗം ഒരു കമ്പനിയായി രജിസ്റ്റർ ചെയ്യുകയും പകുതി |

| | | |
|---|---|---|
| | | ഭാഗം ആദിവാസി പുനരധിവാസത്തിനായി മാറ്റിവയ്ക്കുകയും ചെയ്തു. ഈ ഭൂമിയുടെ വിതരണം നടന്നു വരുന്നു. ഇവിടെ ഇതുവരെ 2335 കുടുംബങ്ങൾക്ക് ഭൂമി വിതരണം നടത്തിയിട്ടുണ്ട്. ഭവന നിർമ്മാണപ്രവൃത്തികളും പുരോഗമിച്ചവരുന്നു<br><br>4) മൂന്നാം ഘട്ടമായി വിതരണം ചെയ്യുന്നതിന് ചില നിബന്ധനകൾക്ക് വിധേയമായി 7693.2257 ഹെക്ടർ വന ഭൂമി വിട്ടുതരുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ നിബന്ധനകളിൽ നെറ്റ് പ്രസന്റ് വാല്യൂ നൽകണമെന്ന നിബന്ധന ഒഴിവാക്കികിട്ടുന്നതിന് ബഹു. സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ട്. ബഹു. സുപ്രീംകോടതി നിയോഗിച്ച സെൻട്രൽ എംപവേർഡ് കമ്മറ്റി 2010 ഏപ്രിൽ മാസത്തിൽ സംസ്ഥാനത്ത് സന്ദർശനം നടത്തുകയും, റിപ്പോർട്ട് ബഹു. സുപ്രീം കോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>5) ഭൂരഹിത ആദിവാസികളുടെ പുനരധിവാസത്തിന് ഭൂമി വാങ്ങുന്നതിന് ആദിവാസി പുനരധിവാസ വികസന മിഷൻ ഫാസ്റ്റ്ട്രാക്ക് പ്രോജക്ട് ഗൈഡ്‌ലൈൻസ് ബാധകമാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം ഏറ്റവും കൂടതൽ ഭൂരഹിത ആദിവാസികൾ ഉള്ള വയനാട് ജില്ലയിൽ ഭൂമി വാങ്ങുന്നതിന് ഭൂ ഉടമകളിൽ നിന്ന് ട്രൈബൽ മിഷൻ ഓഫറുകൾ ക്ഷണിക്കുകയുണ്ടായി. ലഭിച്ചിട്ടുള്ള ഓഫറുകൾ |

| | | |
|---|---|---|
| | | ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ഒരു സമിതി പരിശോധിച്ചു വാസയോഗ്യമായ ഭൂമി കണ്ടെത്തി ഭൂ ഉടമകളുമായി സംസാരിച്ച് വില നിശ്ചയിച്ചിട്ടുണ്ട്. ഈ സർക്കാർ കാലയളവിൽ ഇതിനായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>6) പുനരധിവസിപ്പിക്കപ്പെട്ട ആദിവാസി മേഖലകളിൽ സുസ്ഥിര വികസനത്തി നുതകുന്ന പദ്ധതികളും മിഷൻ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു. അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, വൈദ്യുതി, റോഡ് വികസനം തുടങ്ങിയവയും ആരോഗ്യ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസം, തുടങ്ങിയവയും ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും മറ്റു വകുപ്പുകളുടെ ഏകോപനത്തോടെ ട്രൈബൽ മിഷൻ ഏറ്റെടുത്തിട്ടുണ്ട്.<br><br>7) ഓരോ പുനരധിവാസ മേഖലയിലെയും ആവശ്യങ്ങൾ മനസ്സിലാക്കി അതാത് പ്രദേശത്തിനുതകുന്ന തരത്തിലുള്ള വികസന പരിപാടികൾ മറ്റു വകുപ്പകളുമായി ഏകോപിപ്പിച്ച് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും ട്രൈബൽ മിഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>8) വിവിധ പുനരധിവാസ മേഖലകളിലേയ്ക്ക് 4 സൈറ്റ് മാനേജർമാരുടെ തസ്തിക സർക്കാർ സൃഷ്ടിക്കുകയും ഇവരെ കണ്ണൂർ, ഇടുക്കി വയനാട് ജില്ലകളിലെ വിവിധ പുനരധിവാസ മേഖലകളിലെ വികസന |

| | | |
|---|---|---|
| | | പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി നിയമിച്ചിട്ടുമുണ്ട്. |
| സി | ട്രൈബൽ മിഷൻ രൂപീകരിച്ച ശേഷം ഇതുവരെ എത്ര കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി നൽകാൻ സാധിച്ചു എന്നറിയിക്കാമോ; | ട്രൈബൽ മിഷൻ മുഖേന ഇതുവരെ 6175 കുടുംബങ്ങൾക്ക് 8345.34 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി | ഈ സാമ്പത്തിക വർഷം ഇനി എത്ര കുടുംബങ്ങൾക്ക് കൂടി ഈ പദ്ധതിയനുസരിച്ച് സ്വന്തമായി ഭൂമി നൽകുമെന്ന് വെളിപ്പെടുത്തുമോ ? | 1270 കുടുംബങ്ങൾക്ക് കൂടി ഈ സാമ്പത്തിക വർഷം ഭൂമി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

16 -ാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:130</u>

<u>27.12.2010 - ൽ മറുപടിയ്ക്ക്</u>

<u>വിലക്കയറ്റം തടയുന്നതിന് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ജോർജ്ജ്.എം. തോമസ്<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. ബാബു.എം. പാലിശ്ശേരി<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും<br>വകുപ്പു മന്ത്രി) |
| (എ) അവശ്യ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) അവശ്യ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡറേഷൻ മുഖേന ഉത്സവകാലങ്ങളിൽ ഫെഡറേഷന്റെ സ്വന്തം യൂണിറ്റുകളിലൂടെയും സഹകരണ സംഘങ്ങളിലൂടെ പ്രത്യേക വിപണന കേന്ദ്രങ്ങളിലൂടെയും ഗുണമേന്മയുള്ള നിത്യോപയോഗസാധനങ്ങൾ മാർക്കറ്റ് വിലയേക്കാൾ 20% മുതൽ 60% വരെ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. വിലക്കയറ്റവിരുദ്ധ വിപണന കേന്ദ്രങ്ങളിലൂടെ ഉപഭോക്താക്കൾക്ക് 240.67 കോടി രൂപയുടെ സബ്സിഡി ആനുകൂല്യം നേരിട്ട് ലഭിച്ചിട്ടുണ്ട്. സർക്കാരിന്റെ ഈ നടപടി പൊതുവിപണിയിലെ വില കാര്യമായി നിയന്ത്രിക്കുന്നതിനും ഉപഭോക്താക്കൾക്ക് വിലക്കുറവിൽ ഗുണമേന്മയുള്ള സാധനങ്ങൾ ലഭ്യമാക്കുന്നതിനും സഹായകമായി. |

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ വർഷം ഓണം,ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ വിശേഷ ദിവസങ്ങളിലെ പ്രത്യേക വിപണന കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ, എങ്കിൽ വ്യക്തമാക്കുമോ; | (ബി) | വിലയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ഉത്സവങ്ങളോട് അനുബന്ധിച്ച് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡ് മുഖേന 15077 വിപണന കേന്ദ്രങ്ങൾ നടത്തുകയും ആയതിലൂടെ ഗുണമേന്മയുള്ള നിത്യോപയോഗസാധനങ്ങൾ പൊതുവിപണിയിൽ നിന്നും 15% മുതൽ 60% വരെ വിലക്കുറച്ച് വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | കൺസ്യൂമർഫെഡിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ത്രിവേണി സ്റ്റോറുകളും എല്ലാ പഞ്ചായത്തുകളിലും നീതി മെഡിക്കൽ സ്റ്റോറുകളും തുടങ്ങി പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. കൂടാതെ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ സഹകരണ മേഖലയിലൂടെ പൊതുവിതരണ സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള ഒരു രൂപരേഖ തയ്യാറാക്കി ഫെഡറേഷൻ അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡിന്റെ പ്രവർത്തന മേഖല കൂടുതൽ വിപുലീകരിക്കുന്നതിനും വൈവിധ്യവൽക്കരണത്തിനും വേണ്ടി 55.659 കോടി രൂപ ചെലവു വരുന്ന ഒരു ഹ്രസ്വകാല പദ്ധതി (വിഷൻ-2011 ഒന്നാം ഘട്ടം) തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br><br>ഇതിനു പുറമെ ത്രിവേണി സൂപ്പർ മാർക്കറ്റുകളും നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിനും നവീകരിക്കുന്നതിനും എൻ.സി.ഡി.സി-യിൽ നിന്നും 14.85 കോടി രൂപ അംഗീകരിക്കുകയും ആയത് ഫെഡറേഷന് നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയുമാണ്. |

| | | | |
|---|---|---|---|
| (ഡി) | ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ഡി) | ത്രിവേണി സ്റ്റോറുകളിൽ ഗുണ നിലവാരമുള്ള എല്ലാവിധ നിത്യോപയോഗ സാധനങ്ങളും മിതമായ നിരക്കിൽ എല്ലായ്പ്പോഴും ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ശക്തമാക്കിയിട്ടുണ്ട്. നിരന്തരമായ പരിശോധനകൾ നടത്തി ക്രമരഹിതമായ പ്രവർത്തനങ്ങൾ സ്റ്റോറുകളിൽ നടക്കാതിരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഉപഭോക്താക്കളോടുള്ള ജീവനക്കാരുടെ സമീപനം മെച്ചപ്പെടുത്തി സ്റ്റോറുകൾക്ക് ആകർഷകമായ മുഖഭംഗി നൽകി ഉപഭോക്താക്കളെ ആകർഷിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരികയാണ്. |
| (ഇ) | ക്രിസ്മസ് സീസണിലെ വിലക്കയറ്റം തടയുന്നതിന് സഹകരണ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഇ) | ഡിസംബർ 18-ാം തീയതി മുതൽ ഡിസംബർ 24-ാം തീയതി വരെ വിപുലമായ തോതിൽ 24 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനായി സഹകരണ ക്രിസ്മസ് വിപണികൾ സജ്ജമാക്കിയിട്ടുണ്ട്. ഈ വിപണികളിലൂടെ പൊതു വിപണി വിലയിൽ നിന്നും ശരാശരി 15% മുതൽ 60% വരെ വില കുറച്ചാണ് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 131

27.12.2010- ലെ മറുപടിക്ക്

## കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. എം. മുരളി<br>ശ്രീ. എ.എ. ഷുക്കൂർ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) കയർ വിപണനത്തിനായി രൂപീകരിച്ച കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങൾക്കായി ഇതു വരെ എന്തുതുക ചെലവിട്ടുവെന്ന് വെളിപ്പെടുത്തുമോ; | (എ) കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച കമ്മിറ്റിയുടെ മേൽനോട്ടത്തിലുള്ള പ്രവർത്തനങ്ങൾക്കായി ഏകദേശം 63,54,134/- രൂപ വരെ ചിലവായിട്ടുണ്ട്. |
| (ബി) കയർ വിപണിയിൽ ഇതുവരെ കൺസോർഷ്യത്തിന്റെ പ്രവർത്തനത്തിലൂടെ എത്ര കോടി രൂപയുടെ അധിക വിറ്റുവരവ് നേടാനായെന്ന് കണക്കാക്കിയിട്ടു ണ്ടോ; | (ബി) ആഭ്യന്തര വിദേശ വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച കമ്മിറ്റിയുടെ മേൽനോട്ടത്തിൽ കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് (ഇൻഡ്യ) ലി. തുടങ്ങിയ സ്ഥാപനങ്ങൾ വിവിധ ആഭ്യന്തര വിദേശ വിപണന മേളകളിൽ പങ്കെടുത്തു. ഇതുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികളുമായി ചർച്ചകൾ പുരോഗമിക്കുന്നു. ഏകദേശം 4 കോടി രൂപയോളം വരുന്ന ആഭ്യന്തര വിദേശ ഓർഡറുകളുടെ ചർച്ചകൾ നടന്നുവരുന്നു. |
| (സി) ഇത്തരത്തിൽ രൂപീകരിച്ച കൺസോർഷ്യത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്; | (സി) കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ഗുണമേൻമയേറിയ കയറും, കയറുല്പന്നങ്ങളും ആഭ്യന്തര- വിദേശ വിപണികളിൽ കേരള കയർ - ദൈവത്തിന്റെ സ്വന്തം നാട്ടിലെ സുവർണ്ണ നാര് എന്ന ബ്രാൻഡിൽ വിപണനം നടത്തുന്ന |

| | |
|---|---|
| ഈ സാമ്പത്തിക വർഷത്തിൽ എന്തൊക്കെ നിർദ്ദേശങ്ങൾ നടപ്പിലാക്കും എന്ന് വിശദീകരിക്കുമോ? | തിനുള്ള നടപടികൾ സ്വീകരിച്ചു. ആഭ്യന്തര വിപണനത്തിന്റെ വികസനത്തിന് വേണ്ടി വിവിധ തലത്തിലുള്ള വിപണന സൗകര്യങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിലൂടെ കയർ ഉല്പന്നങ്ങൾ കാര്യക്ഷമമായ രീതിയിൽ ഉപഭോക്താവിന് എത്തുവാനുള്ള ശൃംഖല ഉണ്ടാക്കിയെടുക്കാൻ സാധിക്കും. വിവിധ തലത്തിലുള്ള വിപണനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് വേണ്ടിയുള്ള പ്രാരംഭനടപടികളും കയർ വിപണന രംഗത്തെ ഏകോപിപ്പിക്കുവാനുള്ള നിർദ്ദേശങ്ങളും കയർ മാർക്കറ്റിംഗ് കൺസോർഷ്യം നല്കുന്നതാണ്. ഇതിനനുസൃതമായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ പൂർത്തിയായി വരുന്നു.<br><br>സെക്ഷൻ ഓഫീസർ |

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 132 — 27.12.2010 ൽ മറുപടിയ്ക്ക്

## സൗരോർജ്ജ വൈദ്യുതി പദ്ധതിയിൽ വീഴ്ച വരുത്തിയതിനെതിരെ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. വർക്കല കഹാർ | | ശ്രീ. എ. കെ. ബാലൻ<br>(പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) | |
| (എ) | സൗരോർജ്ജ വൈദ്യുതി പദ്ധതികൾക്കായി കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയം ആവിഷ്ക്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾക്കായി അപേക്ഷകൾ നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ; | (എ) | കേരളത്തിൽ നിന്നും ജവഹർ ലാൽ നെഹ്റു നാഷണൽ സോളാർ മിഷൻ പദ്ധതി പ്രകാരം 4 മെഗാവാട്ടിന്റെ അപേക്ഷകൾ യഥാസമയം സമർപ്പിച്ചിരുന്നു. മാത്രമല്ല, 21.4 കോടിയുടെ സൗരോർജ്ജാധിഷ്ഠിത പ്രോജക്ടും എം.എൻ.ആർ.ഇ.യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | രാജ്യത്തെ പതിനാറ് സംസ്ഥാനങ്ങൾക്കും ലക്ഷദ്വീപിനും ഈ പദ്ധതിയിൻകീഴിൽ വൈദ്യുതിപദ്ധതികൾ ലഭിച്ചപ്പോൾ കേരളത്തിനുമാത്രം ലഭിക്കാതിരുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; | (ബി) | കാരണങ്ങൾ താഴെ കൊടുക്കുന്നു.<br>i. സൗരോർജ്ജത്തിന്റെ കാര്യത്തിൽ കേരളത്തിന്റെ മിക്ക പ്രദേശങ്ങളും മൂന്നാം Band-ലാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇക്കാരണത്താൽ പ്രമുഖ സൗരോർജ്ജ സംരംഭകർ ആരും തന്നെ കേരളത്തിലേക്ക് വരാൻ തയ്യാറായിരുന്നില്ല.<br>ii. ആകെ 27 അപേക്ഷകളിൽ സ്വന്തമായി ഭൂമിയുള്ള അപേക്ഷകരുടെ എണ്ണം 13 മാത്രമായിരുന്നു. |
| (സി) | ഈ പദ്ധതിക്കായി യഥാസമയം അപേക്ഷ നൽകാതെ വീഴ്ച വരുത്തിയ സംഭവത്തെക്കുറിച്ചന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | യഥാസമയം ഈ പദ്ധതികൾക്കായി അപേക്ഷകൾ സമർപ്പിച്ചിരുന്നു. ആയതിനാൽ അന്വേഷണത്തിന്റെ ആവശ്യകത ഉയരുന്നില്ല. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 133 27.12.2010 -ൽ മറുപടിയ്ക്ക്**

**നിയമവിരുദ്ധ സുരക്ഷാ പിരിവിനെതിരെ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ.കെ.സി.ജോസഫ്:<br>ശ്രീ.ടി.എൻ. പ്രതാപൻ:<br>ശ്രീ.വി.ഡി.സതീശൻ: | ശ്രീ.എ.കെ.ബാലൻ<br>(പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ഉപഭോക്താക്കളുടെ സുരക്ഷ ക്രമീകരിക്കുന്നതിനായി വൈദ്യുതി ബില്ലിനോടൊപ്പം വൻതുക പിരിക്കാൻ വൈദ്യുതി ബോർഡ് നിർദ്ദേശം നൽകിയിരുന്നുവോ;<br><br>(ബി എന്തൊക്കെ വ്യവസ്ഥകളും നിർദ്ദേശങ്ങളുമാണ് ഇതിനായി ബോർഡ് നൽകിയിരുന്നത് എന്ന് വിശദീകരിക്കുമോ; | (എ) & (ബി) കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈകോഡ് 2005 പ്രകാരം ഒരു വിതരണ ലൈസൻസി ഉപഭോക്താവിൽ നിന്നും ലൈസൻസിക്കു ലഭിക്കേണ്ട എല്ലാ തുകയ്ക്കും ജാമ്യമായി (സെക്യൂരിറ്റി) നിശ്ചിത തുക പിരിച്ചെടുക്കേണ്ടതുണ്ട്. പ്രതിമാസ ബില്ലിംഗുള്ള ഉപഭോക്താവ് രണ്ടു മാസത്തെവൈദ്യുതി ചാർജിന് തുല്യമായ തുകയും ദ്വൈമാസ ബില്ലിംഗുള്ള ഉപഭോക്താവ് മൂന്ന് മാസത്തെ വൈദ്യുതി ചാർജിന് തുല്യമായ തുകയുമാണ് നിയമ പ്രകാരം ലൈസൻസിയുടെ കൈവശം ഉണ്ടാവേണ്ടത്. പ്രസ്തുത തുക (സെക്യൂരിറ്റി ഡെപ്പോസിറ്റ്) യുടെ പര്യാപ്തത എല്ലാ സാമ്പത്തിക വർഷവും ആദ്യ ത്രൈമാസത്തിൽ തന്നെ ലൈസൻസി പരിശോധിച്ച് അധിക തുക മടക്കി കൊടുക്കുകയോ കുറവ് 30 ദിവസത്തെ മുൻകൂർ നോട്ടീസ് നൽകി ഉപഭോക്താവിൽ നിന്നും പിരിച്ചടുക്കേണ്ടതുമാണ്. |

പ്രസ്തുത സപ്ലൈ കോഡിലെ ചട്ടങ്ങൾക്ക് വിധേയമായി തയ്യാറാക്കിയതും കമ്മീഷൻ അംഗീകരിച്ചതുമായ ടേംസ് ആന്റ് കണ്ടീഷൻസ് ഓഫ് സപ്ലൈ പ്രകാരമാണ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നത്. ബോർഡ് നൽകിയിട്ടുള്ള വ്യവസ്ഥകളും നിർദ്ദേശങ്ങളും അനുബന്ധമായി കൊടുത്തിരിക്കുന്നു.

(സി) ഇത്തരത്തിൽ നടത്തിയ പിരിവ് നിയമവിരുദ്ധമാണെന്ന് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഉത്തരവായിട്ടും വൈദ്യുതി ബോർഡ് പലഭാഗത്തും ഇത്തരം പിരിവ് നടത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം പരാതികൾ പരിഹരിക്കുവാൻ എന്തൊക്കെ നിർദ്ദേശങ്ങൾ നൽകി എന്ന് വെളിപ്പെടുത്തുമോ?

(സി) & (ഡി) പ്രസ്തുത തുക 30 ദിവസത്തെ മുൻകൂർ നോട്ടീസ് പ്രത്യേകമായി നൽകാതെ പിരിച്ചെടുത്തതും തുക പിരിച്ചെടുക്കാൻ കാലതാമസം വരുത്തിയതും ചട്ടങ്ങളുടെ ലംഘനമാണെന്ന് റഗുലേറ്ററി കമ്മീഷൻ ബോർഡിനെ അറിയിച്ചിട്ടുള്ളത് കണക്കിലെടുത്ത് നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ബോർഡ് സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 134

27.12.2010 ൽ മറുപടിക്ക്

കാർഷിക വായ്പയുടെ പലിശനിരക്ക് കുറയ്ക്കുന്നതിന് കേന്ദ്രഗവൺമെന്റ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി | : | ശ്രീ. മുല്ലക്കര രത്നാകരൻ |
| ശ്രീ. യു.സി. രാമൻ | : | (കൃഷി വകുപ്പ് മന്ത്രി) |
| ശ്രീ. സി.ടി. അഹമ്മദ് അലി | : | |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | : | |

(എ) കാർഷിക വായ്പയുടെ പലിശ നിരക്ക് കുറയ്ക്കുന്നതിനുദ്ദേശിച്ച് കേന്ദ്രഗവൺമെന്റ് 4868 കോടി രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന വിവരം സർക്കാരിനറിവുണ്ടോ ;

(ബി) സംസ്ഥാനത്തെ കർഷകർക്ക് അതിന്റെ പ്രയോജനം പരമാവധി ലഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(എ) & (ബി)

ഇതുസംബന്ധിച്ച വിവരം ലഭ്യമല്ല. കർഷകർ ദേശസാൽകൃത ബാങ്കുകളിൽ നിന്നെടുക്കുന്ന 3 ലക്ഷം രൂപവരെയുള്ള ഹ്രസ്വകാല കാർഷിക വായ്പയ്ക്ക് 1 ½ % പലിശഇളവ് കേന്ദ്രസർക്കാർ ബാങ്കുകൾക്ക് നൽകുന്നുണ്ട്. ഇതുകൂടാതെ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് 2% അധിക പലിശഇളവും നൽകുന്നുണ്ട്. ഇങ്ങനെ മൊത്തം 3 ½ % പലിശഇളവ് കാർഷിക വായ്പയ്ക്ക് ദേശസാൽകൃത ബാങ്കുകൾ വഴി കേന്ദ്രസർക്കാർ നൽകുന്നുണ്ടെന്ന് സ്റ്റേറ്റ് ലവൽ ബാങ്കേഴ്സ് കമ്മിറ്റി അറിയിച്ചിട്ടുണ്ട്.

(സി) കാർഷിക മേഖലയ്ക്ക് നൽകുന്ന സഹായം കൃഷിക്കുതന്നെ ഉപയോഗിക്കുന്നുണ്ടെന്നും തദനുസരണമായ വളർച്ച കാർഷിക മേഖലയിലുണ്ടാകുന്നു എന്നും ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകളും നടപടികളും വിശദീകരിക്കുമോ ;

(സി) കാർഷിക വായ്പ അനുവദിക്കുമ്പോൾ തന്നെ അതു കാർഷികവൃത്തിയ്ക്ക് മാത്രമായി ഉപയോഗിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്.

| | |
|---|---|
| (ഡി)കേന്ദ്രസർക്കാരിന്റെ പലിശ സബ്സിഡി പദ്ധതി പ്രകാരം കേരളത്തിലെ കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | (ഡി) കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 135 — 27.12.2010 ൽ മറുപടിയ്ക്ക്

ഭക്ഷ്യസുരക്ഷാ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി.കെ. സദാശിവൻ | : | ശ്രീ. മുല്ലക്കര രത്നാകരൻ |
| ശ്രീ. എം. ചന്ദ്രൻ | : | (കൃഷി വകുപ്പ് മന്ത്രി) |
| ശ്രീ. സി. കെ. പി. പത്മനാഭൻ | : | |
| ശ്രീ. പി. കൃഷ്ണപ്രസാദ് | : | |

(എ) നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ)) ) കേരളത്തിന്റെ പ്രമുഖ ഭക്ഷ്യവിളയായ നെല്ലിന്റെ ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനും നെൽകൃഷി മേഖല സുസ്ഥിരമാക്കുന്നതിനും വിവിധ പദ്ധതികളിലൂടെ നെൽകർഷകർക്ക് ആനുകൂല്യങ്ങൾ നൽകി വരുന്നു.

ഉൽപ്പാദന ചെലവ് ഗണ്യമായി കുറയ്ക്കുവാൻ സഹായകരമായ ഗ്രൂപ്പ് ഫാമിംഗ് പദ്ധതി, തരിശിട്ടിരിക്കുന്ന നെൽപ്പാടങ്ങൾ കൃഷി യോഗ്യമാക്കുന്ന തരിശുനില കൃഷി പദ്ധതി, നെൽകൃഷി മേഖലയിൽ കരനെൽകൃഷിയുടെ സാധ്യതകൾ പ്രാവർത്തികമാക്കുന്ന കരനെൽകൃഷി പദ്ധതി, കേന്ദ്ര-സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതികൾ, നെല്ലുസംഭരണം, 60 വയസ്സിനുമേൽ പ്രായമുള്ള നെൽകർഷകർക്ക് പ്രതിമാസ പെൻഷൻ നൽകുന്ന കിസാൻ അഭിമാൻ പദ്ധതി, പ്രകൃതിക്ഷോഭം, രോഗ കീടബാധ എന്നിവ മൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് ഹെക്ടറിന് 12,500 രൂപ വരെ പരമാവധി നഷ്ടപരിഹാരം നൽകുന്ന വിള ഇൻഷ്വറൻസ് പദ്ധതി, കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ നെൽകൃഷി പദ്ധതികളുടെ ആനുകൂല്യം യഥാസമയം നെൽകർഷർക്ക് ലഭ്യമാക്കുന്ന ഗ്രീൻകാർഡ്

പദ്ധതി, നെൽവയലുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് നടപ്പിലാക്കിയ 'നെൽവയൽ സംരക്ഷണ നിയമം', ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ, പലിശരഹിത വായ്പാ പദ്ധതി, അത്യുല്പാദനശേഷിയുള്ള നെൽവിത്തിനങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കാനും, പ്രദർശനതോട്ടങ്ങൾ സംഘടിപ്പിക്കാനും, സൂക്ഷ്മ മൂലകങ്ങൾ, കുമ്മായ വസ്തുക്കൾ എന്നിവ സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നതിനുമുള്ള പദ്ധതികൾ, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി നടപ്പിലാക്കി വരുന്ന കേന്ദ്ര നെൽകൃഷി വികസന പദ്ധതി, കേന്ദ്ര പദ്ധതിയായ ആർ.കെ.വി.വൈ യിലൂടെ നടപ്പിലാക്കി വരുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകർഷകർക്ക് ആനുകൂല്യം നൽകുന്ന നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചു വരുന്നത്.

ഉൽപ്പാദന ബോണസ്സ്, നെൽകർഷകർക്ക് ഭൂപരിധിയില്ലാതെ നൽകി വരുന്ന സൗജന്യ വൈദ്യുതി പദ്ധതി എന്നിവയും നെൽകൃഷി മേഖലയിൽ സുസ്ഥിരത ഉറപ്പുവരുത്തുന്നതിന് സഹായകരമാകുന്നുണ്ട്.

നടപ്പു സാമ്പത്തിക വർഷം നെൽകൃഷി മേഖലയിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശം അനുബന്ധം - 1 ൽ ചേർത്തിരിക്കുന്നു.

| | |
|---|---|
| (ബി) ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പദ്ധതികൾ നടപ്പാക്കി എന്ന് വെളിപ്പെടുത്തുമോ ? | (ബി) 2009-10 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ നെല്ല്, പച്ചക്കറി, നെൽകൃഷി അനുബന്ധ മേഖലകളിൽ 30 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശം അനുബന്ധം - 2 ൽ ചേർത്തിരിക്കുന്നു. |

2010-11-ൽ 28 കോടി രൂപയുടെ പദ്ധതികളാണ് ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളത്. ഈ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കരനെൽകൃഷി
2. വനിതാഗ്രൂപ്പുകൾക്കുള്ള നെൽകൃഷി വികസന പദ്ധതികൾ
3. വടക്കാഞ്ചേരി മാതൃകയിലുള്ള പദ്ധതി
4. വയനാട് ജില്ലയിലെ സുഗന്ധ / ഔഷധ നെല്ലിനങ്ങളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതി
5. കോഴിക്കോട് ജില്ലയിലെ കീഴരിയൂർ പഞ്ചായത്തിലുൾപ്പെട്ട ചെറുപുഴ പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസനം
6. പഞ്ചായത്ത് തലത്തിൽ സുസ്ഥിര നെൽകൃഷി വികസനത്തിനുള്ള പദ്ധതി
7. വനിതാ ഗ്രൂപ്പുകൾക്കുള്ള പച്ചക്കറി വികസന പദ്ധതി
8. മൃഗസംരക്ഷണ വകുപ്പു മുഖേന നെൽകൃഷി മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതി
9. യന്ത്രവൽക്കരണത്തിനുള്ള സേവന സഹായ പദ്ധതി
10. തൊഴിൽസേനകൾക്കുള്ള സാമ്പത്തിക സഹായം - കാർഷിക സർവ്വകലാശാല മുഖേന
11. സാമ്പത്തിക സ്ഥിതി വിവര വ്കുപ്പുവഴി ഭക്ഷ്യവിളകളുടെ സ്ഥിതിവിവര കണക്കു ശേഖരണം
12. നെൽപ്പാടങ്ങളിലെ മണ്ണു പരിശോധനാ പദ്ധതി
13. ബോധവൽക്കരണവും പ്രചാരണവും

| | |
|---|---|
| (സി) ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പാക്കിയതിനുശേഷം നെല്ലുൽപ്പാ | (സി) ഭക്ഷ്യ സുരക്ഷാ പദ്ധതി ഉൾപ്പെടെയുള്ള വിവിധ പദ്ധതികളിലൂടെ നെൽകൃഷിയുടെ |

| | |
|---|---|
| ദനത്തിലും നെൽകൃഷിയുടെ വിസ്തൃതിയിലും ഉണ്ടായ വർദ്ധനവ് എത്രയെന്ന് വിശദമാക്കുമോ ; | വിസ്തൃതിയിലും ഉല്പാദനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ 2008-09, 2009-10 ലെ കണക്കുകൾ പ്രകാരം നെല്ലിന്റെ ഉൽപ്പാദനം,വിസ്തൃതി, ഉൽപ്പാദന ക്ഷമത എന്നിവ താഴെ പറയും പ്രകാരമാണ്. |

| വർഷം | വിസ്തൃതി (ലക്ഷം ഹെക്ടർ) | ഉൽപ്പാദനം (ലക്ഷം ടൺ) | ഉൽപ്പാദന ക്ഷമത കി.ഗ്രാം/ ഹെക്ടർ |
|---|---|---|---|
| 2008-09 | 2.34 | 5.90 | 2520 |
| 2009-10 | 2.34 | 5.98 | 2556 |

ഇതിനുപുറമേ 2009-10 വർഷം മുതൽ കരനെൽകൃഷി പ്രോത്സാഹിപ്പിച്ചതിന്റെ ഭാഗമായി 1029 ഹെക്ടറിൽ കരനെൽകൃഷി നടപ്പിലാക്കി. ഒരുപ്പൂ നിലങ്ങൾ ഇരിപ്പൂ ആക്കിയ കണക്കിൽ 3172 ഹെക്ടർ അധികമായി കൃഷിയോഗ്യമാക്കി. 2010-11 വർഷത്തിൽ 12,000 ഹെക്ടറിൽ കരനെൽകൃഷി കൊണ്ടുവരാൻ ലക്ഷ്യമിട്ടതിൽ ഇതുവരെ 6772 ഹെക്ടറിൽ കരനെൽകൃഷി കൊണ്ടുവന്നു.

| | |
|---|---|
| (ഡി) പുതുതായി നെൽകൃഷി ആരംഭിച്ച സ്ഥലങ്ങളിൽ തുടർന്നും നെൽകൃഷി നടത്തുന്നതിന് പ്രത്യേക സഹായങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) പുതുതായി നെൽകൃഷി ആരംഭിച്ച സ്ഥലങ്ങളിൽ നിലവിൽ നെൽകൃഷി മേഖലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ ആനുകൂല്യങ്ങൾ നല്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

16-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 137

27.12.2010-ൽ മറുപടിയ്ക്ക്

**കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം.എം. മോനായി<br>ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. സി.എം. ദിനേശ് മണി | | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പ് മന്ത്രി) |
| (എ) | കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുന്ന കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ(റബ്കോ)യ്ക്ക് എൻ.സി.ഡി.സി പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ മുഖാന്തിരം 55.76 കോടി രൂപ ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ റബ്കോയുടെ എല്ലാ യൂണിറ്റുകളുടെയും പ്രവർത്തനം സുഗമമായി നടക്കുകയും ചെയ്യുന്നു. കൂടാതെ റബ്കോയുടെ നേരത്തെയുള്ള എൻ.സി.ഡി.സി-യുടെയും സംസ്ഥാന സർക്കാരിന്റെയും വകയിലുള്ള 38.45 കോടി (പലിശയുൾപ്പെടെ) രൂപയുടെ ലോൺ ഓഹരി മൂലധനമാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. സഹകരണ നവരത്നം ലോട്ടറി ഫണ്ടിൽ നിന്നും 1 കോടി രൂപയും പീഡിത സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയും റബ്കോയ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | റബ്കോ ഇപ്പോൾ ഏതെല്ലാം ഉല്പന്നങ്ങളാണ് ഉല്പാദിപ്പിക്കുന്നത്; | (ബി) | ഹവായ് ചപ്പലുകൾ, ലൈറ്റ് വെയ്റ്റ് ചപ്പലുകൾ, റബ്ബർ വുഡ് ഫർണിച്ചർ, റബ്ബറൈസ്ഡ് കൊയർ മാട്രസ്, ട്രെഡ് റബ്ബർ, റബ്ബർ കോംപൗണ്ട് മിക്സിംഗ് എന്നിവയാണ് ഉല്പാദിപ്പിക്കുന്നത്. കൂടാതെ |

| | | | |
|---|---|---|---|
| | | | സഹകരണ സ്ഥാപനങ്ങൾ ഇന്ത്യാ ഗവൺമെന്റിന്റെ കീഴിലുള്ള സുഭിക്ഷ, സ്വകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവ മുഖേന വെർജിൻ കോക്കനട്ട് ഓയിൽ ഉല്പാദിപ്പിച്ച് റബ്കോ വഴി വിതരണം നടത്തുന്നുണ്ട്. |
| (സി) | എതെല്ലാം യൂണിറ്റുകളിലാണ് പുനരുദ്ധാരണ പദ്ധതി നടപ്പാക്കിയത്; | (സി) | ഹവായ് ചപ്പൽ ഫാക്ടറി, റബ്ബറൈസ്ഡ് കൊയർ മാട്രസ് ഫാക്ടറി, റബ്കോ ഫർണിച്ചർ ഫാക്ടറി, ശ്രീകണ്ഠപുരം ലാറ്റക്സ് ഫാക്ടറി, ട്രെഡ് റബ്ബർ ഫാക്ടറി, മിക്സിംഗ് യൂണിറ്റ്, ഗോഡൗൺ കോംപ്ലക്സ്, ഷൂ ഫാക്ടറി തുടങ്ങിയ യൂണിറ്റുകളിലാണ് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയത്. |
| (ഡി) | റബ്കോ പുതുതായി ഏതെല്ലാം യൂണിറ്റുകളാണ് ആരംഭിച്ചിട്ടുള്ളത്, കാഷ്വൽ ആന്റ് സ്പോർട്ട്സ്ഷൂ ഫാക്ടറിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; | (ഡി) | നിർമ്മാണം പൂർത്തിയാകാതിരുന്ന ട്രെഡ് റബ്ബർ, ഇന്റർ മിക്സ് ഫാക്ടറി, ഗോഡൗൺ കോംപ്ലക്സ് എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കാഷ്വൽ ഷൂ ഫാക്ടറിയുടെ കെട്ടിടം പണി പൂർത്തിയാക്കി മെഷീനറികൾ സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ്. |
| (ഇ) | റബ്കോയുടെ വെർജിൻ കോക്കനട്ട് ഓയിൽ ജനപ്രിയമാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; | (ഇ) | പച്ചത്തേങ്ങയിൽ നിന്നും നേരിട്ട് ഉല്പാദിപ്പിക്കുന്ന റബ്കോയുടെ വെർജിൻ കോക്കനട്ട് ഓയിൽ ഇപ്പോൾ തന്നെ ഒരു ജനപ്രിയ ഉൽപന്നമാണ്. ഇത് കൂടുതൽ ജനപ്രിയമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (എഫ്) | റബ്കോയുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുമോ? | (എഫ്) | 31.03.2010-ലെ താല്ക്കാലിക ബാക്കി പത്രപ്രകാരം റബ്കോയുടെ പിരിഞ്ഞടഞ്ഞ ഓഹരി മൂലധനം 12227.12 ലക്ഷം രൂപയാണ്. റബ്കോ ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. |

(signature)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 138 — 27.12.2010- ൽ മറുപടിയ്ക്ക്

## നിരോധിക്കപ്പെട്ട കീടനാശിനികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ: | ശ്രീ. മുല്ലക്കര രത്നാകരൻ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| എ) നിരോധിക്കപ്പെട്ട കീടനാശിനികൾ സംസ്ഥാനത്ത് വ്യാപകമായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) അംഗീകൃത കീടനാശിനി ഡിപ്പോകൾ വഴി നിരോധിക്കപ്പെട്ട കീടനാശിനികൾ സംസ്ഥാനത്ത് വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) എങ്കിൽ അവയുടെ ഉപയോഗം തടയാനും അപകടത്തെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കാനും നടപടികൾ സ്വീകരിക്കുമോ ; | (ബി) നമ്മുടെ സംസ്ഥാനത്ത് നിരോധിച്ച കീടനാശിനികൾ വിപണനം നടത്തുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനായി എല്ലാ കീടനാശിനി ഡിപ്പോകളിലും നിശ്ചിത കാലയളവിൽ പരിശോധന നടത്തി ഗുണ നിലവാരം ഉറപ്പു വരുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് കീടനാശിനിയുടെ ഗുണനിലവാരം പരിശോധിക്കാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ കർശന പരിശോധന നടത്തിവരുന്നുണ്ട്. |
| സി) സെൻട്രൽ ഇൻസെക്ടിസൈഡ് ബോർഡ് നിരോധിക്കപ്പെട്ട കീടനാശിനികളുടെ പട്ടിക അവസാനമായി എന്നാണ് സംസ്ഥാന സർക്കാരിന് കൈമാറിയത്. | (സി) ജനുവരി 2010 ലാണ് സെൻട്രൽ ഇൻസെക്ടിസൈഡ് ബോർഡ് നിരോധിക്കപ്പെട്ട കീടനാശിനികളുടെ പട്ടിക അവസാനമായി കൃഷി ഡയറക്ടറേറ്റിലേക്ക് നൽകിയത്. |

| | | | |
|---|---|---|---|
| ഡി) | അതിൽ എത്ര കീടനാശിനികൾ നിരോധിക്കപ്പെട്ടിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അത് കർഷകരെ അറിയിക്കുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ ? | ഡി) | കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഡയറക്ടറേറ്റ് ഓഫ് പ്ലാന്റ് പ്രൊട്ടക്ഷൻ ക്വാറന്റൈൻ ആൻറ് സ്റ്റോറേജ് - ന്റെ റിപ്പോർട്ട് പ്രകാരം ആൻഡ്രിൻ,ബെൻസീൻ ഹെക്സാക്ലോറൈഡ് തുടങ്ങി 31 കീടനാശിനികളുടെ നിർമ്മാണവും ഇറക്കുമതിയും ഉപയോഗവും നിരോധിക്കപ്പെട്ടിട്ടുണ്ട്. അതുപോലെ നിക്കോട്ടിൻ സൽഫേറ്റ്, കാപ്റ്റഫോൾ 80% പൗഡർ എന്നീ കീടനാശിനികൾ കയറ്റുമതിക്കായി നിർമ്മാണം നടത്താമെങ്കിലും അതിന്റെ ഉപയോഗം ഇൻഡ്യയിൽ നിരോധിച്ചിട്ടുണ്ട്. 7 എണ്ണം വിപണിയിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. അലൂമിനിയം ഫോസ്ഫൈഡ്, ഡി.ഡി.റ്റി തുടങ്ങി 12 കീടനാശിനികളുടെ ഉപയോഗം ഇൻഡ്യയിൽ നിയന്ത്രിച്ചിട്ടുണ്ട്. കൂടാതെ കാൽസ്യം ആർസനേറ്റ്, ഇ.പി.എം തുടങ്ങി 18 കീടനാശിനികൾക്ക് രജിസ്ട്രേഷൻ നിരസിച്ചിട്ടുമുണ്ട്. ഇതു കൂടാതെ കാസർകോട് ജില്ലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കടുംചുവപ്പ്, കടും മഞ്ഞ ലേബൽ ഉള്ള എല്ലാ കീടനാശിനികളും ആ ജില്ലയിൽ നിരോധിച്ചുകൊണ്ടു സംസ്ഥാന സർക്കാർ ഈ മാസം ഉത്തരവിറക്കിയിട്ടുണ്ട്. നിരോധിച്ച കീടനാശിനികളുടെ വിശദമായ ലിസ്റ്റ് എല്ലാ കൃഷി ഭവനുകളിലും പ്രദർശിപ്പിക്കുന്നതിനായി വേണ്ടുന്ന നിർദ്ദേശങ്ങൾ ജില്ലാതല കൃഷി ആഫീസറന്മാർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 140

27.12.2010- ലെ
മറുപടിക്ക്

## കയറുൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. സി.കെ.സദാശിവൻ<br>ശ്രീ. എം.കെ. പുരുഷോത്തമൻ<br>ശ്രീ.എം.ആരിഫ് | **ശ്രീ. ജി. സുധാകരൻ**<br>**(സഹകരണവും കയറും വകുപ്പു മന്ത്രി)** |
| (എ) കയറുൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കമോ; | (എ) വൈവിദ്ധ്യകരണത്തിന്റെ ഭാഗമായി വിവിധ തരത്തിലുള്ള കയർ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുത്തിട്ടു ണ്ട്. ചകിരിച്ചോറുപയോഗിച്ചുള്ള ചെരിപ്പുകൾ, സങ്കരയാൺ ഉപയോഗിച്ച് നിർമ്മിച്ച ലേഡീസ് ബാഗ്, ഹാന്റ് ബാഗ്, ടേബിൾ മാറ്റ്സ്, ബെഡ് സൈഡ് റഗ്ഗ് മുതലായവ ഇതിൽ ഉൾപ്പെടും. കൂടാതെ കയർഫെഡിന്റെ കീഴിൽ കയർ പിത്ത് വള നിർമ്മാണ ഫാക്ടറി പ്രവർത്തിക്കുന്നു ണ്ട്. ഫോംമില്ലിന്റെ മേൽനോട്ടത്തിൽ കയർ കോമ്പോസിറ്റ് ഫാക്ടറി നിർമ്മാണം പുരോഗമിച്ച് വരുകയും ഉടൻ തന്നെ അതിന്റെ പ്രവർത്തനം ആരംഭിക്കുന്നതുമാണ്. കൂടാതെ സങ്കരയാൺ നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനവും ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) കയർ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി റബ്ബറിൽ കയർ പിത്ത് ഫില്ലർ മെറ്റീരിയൽ ആയി ഉപയോഗിക്കുന്നതിനു വേണ്ടിയുള്ള ഗവേഷണം നടത്തുകയും അതിന്റെ ഫലമായി ചവിട്ടി, ചെരിപ്പ് തുടങ്ങിയ ഉൽപ്പന്നങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് ഫോംമിൽ മുഖേന നൽ കുന്നു ണ്ട്.<br><br>എൻ.സി.ആർ.എം.ഐയുടെ ഗവേഷണ പ്രവർത്തനങ്ങൾ മുഖേന വികസിപ്പിച്ചെടുത്ത സങ്കരയാൺ (കോട്ടൺ ഫൈബർ) / ജൂട്ട് ഫൈബർ / സൈസൽ ഫൈബർ & ചകിരി) |

| | |
|---|---|
| | കൊണ്ട് നിർമ്മിച്ച ലേഡീസ് ബാഗ്, ഹാന്റ് ബാഗ്, ടേബിൾ ബെഡ് സൈഡ് റഗ്ഗ് തുടങ്ങിയ ഉൽപ്പന്നങ്ങൾ വ്യവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിച്ച് FOMIL, KSCC, COIRFED, എന്നീ സ്ഥാപനങ്ങൾ മുഖേന വിൽക്കുന്നു ണ്ട്. <br><br> കയറും റബ്ബറും സംയോജിപ്പിച്ച് ഫ്ളോർ ടൈൽസ്, റൂഫ് ടൈൽസ്, റിജിഡ് പാനൽ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ടിയുള്ള ഗവേഷണം നടന്നു വരുന്നു. കൂടാതെ കയർ റബ്ബർ മിശ്രിതം ഉപയോഗിച്ച് സീറ്റ് എഞ്ചിൻ മൗണ്ട് തുടങ്ങിയ വാഹന സാമഗ്രികളുടെ ഉല്പാദനത്തിന് വേണ്ടിയുള്ള ശാസ്ത്രീയ പഠനവും ഇതിൽ ഉൾപ്പെടുന്നു. |
| (സി) തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ? | (സി) NCRMI യുടെ കൊല്ലത്തുള്ള ഹൈടെക് പാർക്ക് വഴി കയർമേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് കയർപിരി പരിശീലനം നൽകി കഴിഞ്ഞു. കൂടാതെ വിവിധ ബ്ലോക്ക് പഞ്ചായത്തുകളിൽ SGSY പദ്ധതി പ്രകാരം കയർ പിരി/കയർ ഉൽപ്പന്ന നിർമ്മാണ പരിശീലനവും നൽകി. മറ്റ് പൊതുമേഖലാ സ്ഥാനങ്ങളിലും NCRMI വഴി കയർപിരി പരിശീലനം നൽകി കഴിഞ്ഞു. കാലക്രമേണ മാർക്കറ്റിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന പരമ്പരാഗത കയർ ഉൽപ്പന്നങ്ങളായ ഫൈബർ മാറ്റ്, മോർസൂക്ക് കാർപ്പറ്റ്, കയർ ഫെൻഡർ എന്നിവയുടെ പരിശീലനം NCRMI യും KSCC യുമായി സംയോജിപ്പിച്ച് നടത്തി വരുന്നു. കയർ തൊഴിലാളികൾക്ക് കയർ ഭൂവസ്ത്രം നിർമ്മിക്കുന്നതിനുള്ള പരിശീലനവും നൽകി കഴിഞ്ഞു. |
| (ഡി) മൂല്യവർദ്ധിത കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കമോ; | (ഡി) മൂല്യവർദ്ധിത ഉൽപ്പന്നമായ ചകിരിച്ചോറ് ഉപയോഗിച്ചുള്ള ചെരുപ്പുകളുടെ നിർമ്മാണം വ്യാവസായികാടിസ്ഥാനത്തിൽ നടത്തുന്നതിനായി ഫോമിൽ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നിവരെ ചുമതലപ്പെടുത്തി. ഈ ഏജൻസികൾ മുഖേന നിർമ്മിച്ച ചെരുപ്പുകൾക്ക് ടെസ്റ്റ് മാർക്കറ്റിംഗ് കാലയളവിൽ വമ്പിച്ച പിൻതുണ ലഭിച്ചു. കൂടാതെ സങ്കരയാൺ ഉപയോഗിച്ച് നിർമ്മിച്ച ലേഡീസ് ബാഗ്, ഹാന്റ് ബാഗ്, |

| | |
|---|---|
| | ടേബിൾ മാറ്റ്, ബെഡ്സൈഡ് റഗ് എന്നിവ വ്യാവ സായികാടിസ്ഥാനത്തിൽ ഫോമിൽ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് മുഖേന നിർമ്മിക്കുന്നതിനായി ചുമതലപ്പെടുത്തി.<br><br>കയർ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യകരണത്തിന് ഊന്നൽ നൽകിക്കൊണ്ട് വിവിധ തരം പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. കയർഫെഡിന്റെ കീഴിൽ കയർ പിത്ത് ഉപയോഗിച്ചുള്ള വള നിർമ്മാണ ഫാക്ടറി പ്രവർത്തിക്കുന്നുണ്ട്. ഫോമില്ലിന്റെ മേൽനോട്ടത്തിൽ കയർ കോമ്പസിറ്റ് ഫാക്ടറി നിർമ്മാണം പുരോഗമിച്ചു വരികയും ഉടൻതന്നെ അതിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ സങ്കരയാൺ നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണം പൂർത്തീകരിച്ച് ഉടൻതന്നെ ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ഇ) കയർ മേഖലയ്ക്ക് ആവശ്യമായ യന്ത്രസാമഗ്രികൾ നിർമ്മിക്കുന്നതിനുള്ള ഫാക്ടറിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ ? | (ഇ) കയർ മെഷിനറി മാനുഫാക്ചറിംഗ് ഫാക്ടറിയുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി M/S KITCO യെ നിയമിച്ചിട്ടുണ്ട്. ആലപ്പുഴ ചുങ്കത്ത് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു.<br><br>ആലപ്പുഴ. മോഡേൺ സൊസൈറ്റി പരിസരത്തുള്ള ഫാക്ടറി കെട്ടിടത്തിന്റെ പ്രീഫാബ് നിർമ്മാണത്തിന്റെ മുന്നോടിയായുള്ള ഡിസൈൻ പ്രവർത്തനം നടന്നു വരുന്നു. മെഷിനറി വാങ്ങാനുള്ള ടെൻഡർ പ്രസിദ്ധീകരിച്ചു കഴിഞ്ഞു.<br><br>കയർ യന്ത്രനിർമ്മാണ ഫാക്ടറിയുടെ പ്രവർത്തന പുരോഗതിയുടെ വിശദമായ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. |

Jose. C. Kathilankal
സെക്ഷൻ ഓഫീസർ

# അനുബന്ധം

## ആലപ്പുഴ യന്ത്ര നിർമ്മാണ ഫാക്ടറിയുടെ നിർമ്മമ്മാണ പുരോഗതി സംബന്ധിച്ച് 12.12.2010 ലെ റിപ്പോർട്ട്

1. ഭരണകാര്യ ബ്ലോക്ക്

കിറ്റ്കോയുടെ , ഷെഡ്യൂൾ പ്രകാരം മൊത്തമുള്ള 72 പൈലുകളിൽ 12.12.2010 ൽ 64 എണ്ണം പൂർത്തിയാക്കേണ്ടതിൽ 49 എണ്ണം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. ചില തദ്ദേശവാസികളുടെ എതിർപ്പും ജോലിചെയ്യാനുള്ള സ്ഥലത്തിന്റെ അഭാവവും മഴയുമാണ് പണിയുടെ വേഗത്തിലുള്ള പുരോഗതിക്ക് വിഘാതമായിട്ടുള്ളത്. കോൺട്രാക്ടറുടെയും കൺസൾട്ടന്റിന്റെയും നിർമ്മാണ ചുമതയുള്ള ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ച് ഫാക്ടറിയുടെ പണി പൂർത്തിയാക്കുന്നതിനുള്ള തീവ്രയത്നത്തിലാണ്.

ഇപ്പോൾ പണി നിശ്ചയിച്ചിട്ടുള്ള ഷെഡ്യൂളിന് പിറകിലാണ്. കൂടാതെ പൈൽ ലോഡ് ടെസ്റ്റ്, പൈൽക്യാപ്പിനുള്ള കുഴിക്കൽ,. പൈൽ ചിപ്പിംഗ്, പൈൽക്യാപ്പിനുള്ള പി.സി.സി, റീ ഇൻഫോഴ്സ്മെന്റ്, പൈൽക്യാപ്പിനുള്ള ആർ.സി.സി., ഗ്രേഡ് ബീം, ആർ.സി.സി. കോളം, ലിൻഡൽ ബീം, ജി.എഫ് റൂഫ് സ്ലാബും ബീമുകളും ഉൾപ്പെടെ റീ ഇൻഫോഴ്സ്മെന്റ് ഇതുവരെയും തുടങ്ങിയിട്ടില്ല. കിറ്റ്കോ പണി പൂർത്തീകരിക്കുന്നതിനുള്ള പരിഷ്കരിച്ച ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്.

ആലപ്പുഴ കയർ മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘത്തിന്റെ ആസ്തികളുടെ മൂല്യ നിർണയം കിറ്റ്കോയിൽ നിന്നും ലഭിച്ചിട്ടില്ല. ആയത് രണ്ട് മൂന്ന് ദിവസത്തിനുള്ളിൽ ലഭ്യമാക്കുമെന്ന് കിറ്റ്കോ അറിയിച്ചിട്ടുണ്ട്.

വൈദ്യുതിവൽക്കരണം, അഗ്നിശമനസംവിധാനം, എസ്കലേറ്റർ തുടങ്ങിയവയുടെ വിശദമായ എസ്റ്റിമേറ്റ് കിറ്റ്കോയിൽ നിന്നും 30.12.2010 ന് ലഭിച്ചിട്ടുള്ളതും ആയതിന് പരിഷ്കരിച്ച ഭരണാനുമതി നൽകുന്നതിനായി സർക്കാർ പരിശോധിച്ചു വരികയുമാണ്.

2. ഫാക്ടറി ബ്ലോക്ക്

6.12.2010 ൽ കൂടിയ ഉന്നതാധികാര സമിതിയുടെ യോഗ തീരുമാനപ്രകാരം പ്രീ ഫാബ് നിർമ്മാണത്തിനുള്ള വർക്ക് ഓർഡർ മെസ്സേഴ്സ് ലോയിഡ് ഇൻസുലേഷൻ (ഇൻഡ്യ) പ്രൈ. ലി. ന് നൽകിയിട്ടുണ്ട്. ഫാകടറിയുടെ രൂപകൽപ്പന സംബന്ധിച്ച് തുടർ നടപടികൾ എടുക്കുന്നതിനും കയർ വികസന

ഡയറക്ടറുടെ സ്ഥിരകരണത്തിനു ശേഷം ഫാബ്രിക്കേഷൻ പണികൾ നടത്താമെന്നുമുള്ള നിബന്ധനയോടെയാണ് വർക്ക് ഓർഡർ നൽകിയിരിക്കുന്നത്. ഇതു സംബന്ധിച്ച് മെസേഴ്സ് ലോയിഡിന്റെ പ്രതികരണം അറിവായിട്ടില്ല. അവരുമായി ബന്ധപ്പെട്ടുവരുന്നു. ഫാക്ടറി മെഷീനുകൾക്കുള്ള ടെൻഡർ കിറ്റ്കോ നടത്തിയിട്ടുള്ളതും മേൽപ്പടി ടെൻഡർ 21.12.2010 ന് തുറക്കാൻ തീരുമാനിച്ചിട്ടുള്ളതുമാണ്.

ആലപ്പി കയർ മാറ്റ്സ് & സാറ്റിംഗ്സ് സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വളരെ കാലപ്പഴക്കം ഉള്ളവയാണെന്നും ഏതു സമയവും അവ നിലംപതിക്കാൻ ഇടയുള്ളതിനാൽ ടി കെട്ടിടങ്ങൾ പൊളിച്ചുനീക്കേണ്ടതാണെന്നും ആലപ്പുഴ നഗരസഭ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടി കെട്ടിടങ്ങൾ പൊളിച്ചു നീക്കി തൽസ്ഥാനത്ത് കയർ യന്ത്ര നിർമ്മാണ ഫാക്ടറി സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിച്ചു വരുന്നതായി ആലപ്പുഴ നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അപ്രകാരം കെട്ടിടനിർമ്മാണ അനുമതിക്കായി കെടടിടത്തിന്റെ പ്ലാനും ഡ്രോയിംഗും 6.12.2010 ന് സമർപ്പിച്ചിരുന്നു.

Joe. C. Kottilankal

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 141

27.12.2010 - ൽ മറുപടിയ്ക്ക്

## വൈദ്യനാഥൻ പാക്കേജ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.കെ.അച്ചുതൻ | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) സഹകരണം മേഖലയുടെ സമഗ്ര വികസനം വിഭാവനം ചെയ്തുകൊണ്ടുള്ള വൈദ്യനാഥൻ പാക്കേജ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് നൽകിയിരുന്ന ആവശ്യങ്ങളിൽ ഇതുവരെ എന്ത് നടപടികൾ ഉണ്ടായിട്ടുണ്ട് എന്ന് വിശദീകരിക്കുമോ ; | (എ) വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രഖ്യാപിച്ചിട്ടുള്ള സാമ്പത്തിക പാക്കേജ് നടപ്പാക്കുന്നതിന് നിഷ്ക്കർഷിച്ചിട്ടുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിന് നിവേദനം നൽകുകയും, സഹകരണ വകുപ്പ് മന്ത്രി കേന്ദ്രധന കാര്യ വകുപ്പ് മന്ത്രിയുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് ഡൽഹിയിൽ വച്ച് ഉദ്യോഗസ്ഥതല ചർച്ചയും നടക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ പാക്കേജ് നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തു. കേരളത്തിലെ സഹകരണമേഖലയിലെ വർദ്ധിച്ച നിക്ഷേപ അടിത്തറ, മറ്റ് ബാങ്കിംഗ് ഇടപാടുകളിലെ സഹകരണ മേഖലയുടെ പങ്ക്, സർക്കാരിന്റെ വിവിധ പദ്ധതികൾ സാമൂഹ്യ പ്രതിബദ്ധതയോടെ ഏറ്റെടുത്ത് നടപ്പാക്കുന്ന സാഹചര്യം ഇവ |

കണക്കിലെടുക്കുമ്പോൾ പാക്കേജ് നടപ്പാക്കുന്നത് സംബന്ധിച്ചുള്ള കേരളത്തിൻെറ പ്രശ്നങ്ങൾ പ്രത്യേകമായി പരിശോധിക്കേണ്ടിയിരിക്കുന്നു എന്ന നിഗമനത്തിൽ യോഗം എത്തിച്ചേരുകയും, പാക്കേജ് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ നബാർഡും കേന്ദ്ര സർക്കാരുമായി ധാരണാപത്രം ഒപ്പിടുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിന് നബാർഡിനെ യോഗം ചുമതലപ്പെടുത്തുകയുമുണ്ടായി. ഇക്കാര്യത്തിൽ കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം വാങ്ങേണ്ടതുണ്ടെങ്കിൽ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്ത് ഒരു പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിന് നബാർഡിനെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതിൻെറ വെളിച്ചത്തിൽ ധാരണാ പത്രം ഒപ്പിടുന്നതിന് സംസ്ഥാന സർക്കാർ സന്നദ്ധമാണെങ്കിൽ ഒരു പ്രത്യേക കേസ് എന്ന നിലയിൽ കേരളത്തിൽ പാക്കേജ് നടപ്പാക്കുന്നതിന് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം നേടാമെന്നും യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. എന്നാൽ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നബാർഡ് യാതൊരു തുടർനടപടികളും കൈക്കൊണ്ടില്ല. നബാർഡിന്റെ ഭാഗത്ത് നിന്നുള്ള ഈ വീഴ്ച കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നെങ്കിലും ഇതുവരെയും തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ല. കേരളം ഉന്നയിച്ച ആവശ്യം അനുകൂലമായി പരിഗണിക്കാൻ കഴിയുകയില്ല എന്നതാണ് കേന്ദ്രഗവൺമെന്റിന്റെ നിലപാട്

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ സർവ്വീസ് സഹകരണ സംഘങ്ങളുടെ പേരിനൊപ്പം ബാങ്ക് എന്ന് കൂടി ചേർക്കാൻ അനുവദി ക്കണമെന്ന ആവശ്യം കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നുവോ ; | (ബി) | സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ സർവ്വീസ് സഹകരണ ബാങ്ക് എന്ന നാമധേയത്തിൽ പൊതുവേ പ്രവർത്തിച്ചു വരുന്ന സാഹചര്യത്തിൽ, പാക്കേജ് നടപ്പാക്കുന്നതിന് നിഷ്ക്കർഷിച്ചിട്ടുള്ള വ്യവസ്ഥകളിൽ 'ബാങ്ക്' എന്ന പദം രജിസ്റ്റർ ചെയ്യു പേരിനോടൊപ്പം ഉപയോഗിച്ചു കൂടാ എന്ന വ്യവസ്ഥയിൽ ഇളവ് നൽകണമെന്ന ആവശ്യം വളരെ മുമ്പ് തന്നെ കേന്ദ്രഗവൺമെന്റ് മുമ്പാകെ ഉന്നയിച്ചിരുന്നതാണ്. |
| (സി) | ഇക്കാര്യം അംഗീകരിച്ചിരുന്നുവോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് അറിയിക്കുമോ ; | (സി) | സഹകരണ മേഖലയിലെ വർദ്ധിച്ച നിക്ഷേപ അടിത്തറ, മറ്റ് ബാങ്കിംഗ് ഇടപാടുകളിലെ സഹകരണ മേഖലയുടെ പങ്ക്, സർക്കാരിന്റെ വിവിധ പദ്ധതികൾ, സാമൂഹ്യ പ്രതിബദ്ധതയോടെ ഏറ്റെടുത്തു നടപ്പാക്കുന്ന സാഹചര്യം ഇവ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ മറ്റ് സംസ്ഥാന ങ്ങളിലെ സഹകരണ പ്രസ്ഥാനത്തിൽ നിന്നും വ്യത്യസ്തമാക്കുകയും രാജ്യത്തി നാകെ മാതൃകയാക്കുകയും ചെയ്യുന്ന സാഹചര്യത്തിലും, സാമ്പത്തിക പാക്കേജ് നടപ്പാക്കുന്നതിന് നിഷ്കർഷി ച്ചിട്ടുള്ള വ്യവസ്ഥകളും മാനദണ്ഡങ്ങളും കേരളത്തിലെ സഹകരണ പ്രസ്ഥാന ത്തിന് ദോഷകരമാകുമെന്ന് വിലയിരു ത്തിയിട്ടുള്ള സാഹചര്യത്തിലുമാണ് കേരളത്തിന് യോജിച്ച തരത്തിൽ പാക്കേജ് നടപ്പാക്കുന്നതിന് അനുവദിക്ക ണമെന്നും, വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്നും സംസ്ഥാന സർക്കാർ കേന്ദസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ പാക്കേജ് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ച |

കഴിഞ്ഞ സാഹചര്യത്തിൽ കേരളത്തിനായി മാത്രം വ്യവസ്ഥകളിലും മാനദണ്ഡങ്ങളിലും മാറ്റം വരുത്താൻ കഴിയുകയില്ലെന്നും, കേരളത്തിന്റെ ആവശ്യം അംഗീകരിക്കാൻ കഴിയുകയില്ലെന്നുമുള്ള നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്.

(ഡി) പ്രസ്തുത പാക്കേജ് നടപ്പാക്കുന്നതിൽ ഇനി സംസ്ഥാന സർക്കാർ ഏതൊക്കെ കാര്യങ്ങളിലാണ് തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ഡി) താഴെ പറയുന്ന ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്.

1. റിസർവ്വ് ബാങ്ക് അംഗീകാരമില്ലാത്ത സഹകരണ സ്ഥാപനങ്ങൾ വോട്ടവകാശം ഇല്ലാത്ത അംഗങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കാൻ പാടില്ലെന്നും, 'ബാങ്ക്' എന്ന പദം രജിസ്റ്റർ ചെയ്ത പേരിനോടൊപ്പം ഉപയോഗിച്ചുകൂട എന്നും

2. മൂലധന പര്യാപ്തത ഉൾപ്പടെയുള്ള പ്രൂഡൻഷ്യൽ നോംസ് ബാധകമാക്കുകയും സഹകരണ സ്ഥാപനങ്ങളുടെ എല്ലാത്തരം പ്രവർത്തനങ്ങളും വാണിജ്യബാങ്കു കൾക്ക് സമാനമാക്കുക.

3. സഹകരണസ്ഥാപനങ്ങളുടെ മേൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണ അധികാരങ്ങൾ ഏർപ്പെടുത്തുക.

4.ഭരണസമിതിയെ പിരിച്ചു വിടുന്നതിനുള്ള സംസ്ഥാന സർക്കാർ അധികാരം നിയന്ത്രിക്കുക

5. സാമ്പത്തിക വിഷയങ്ങളിലെ നിയന്ത്രണ ഉത്തരവുകൾ പിൻവലിക്കുക തുടങ്ങിയ വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്

| | | | |
|---|---|---|---|
| (ഇ) | സഹകരണ ബാങ്കുകളുടെ സഞ്ചിത നഷ്ടം നിർമ്മാർജ്ജനം ചെയ്യുക, മൂലധന പര്യാപ്തത വർദ്ധിപ്പിക്കുക എന്നിവയ്ക്കായി എന്തൊക്കെ നിർദ്ദേശങ്ങളാണ് പാക്കേജി ൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; | (ഇ) | വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള സാമ്പത്തിക പാക്കേജ് അനുസരിച്ച് സഹകരണ ബാങ്കുകളുടെ സഞ്ചിത നഷ്ടം നിർമ്മാർജ്ജനം ചെയ്യുന്നതിനും മൂലധന പര്യാപ്തത നിശ്ചിത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും സാമ്പത്തിക സഹായം വിഭാവന ചെയ്തിട്ടുണ്ട്. കാർഷിക, കാർഷികേതര പ്രവർത്തനങ്ങൾക്ക് സംഘങ്ങൾ/ ബാങ്കുകൾ അംഗങ്ങൾക്ക് നൽകിയ വായപകളിൽ തിരിച്ചടവ് ഉണ്ടാകാതി രിക്കുക, മറ്റ് ആവശ്യങ്ങൾക്കായി നൽകിയ വായ്പകൾ തിരിച്ചടയ്ക്കാതി രിക്കുക, പൊതുവിതരണ സമ്പ്രദായം, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, വിതരണം തുടങ്ങിയ സഹകരണ വായ്പാ സംവിധാനത്തിലെ വായ്പേതര പ്രവർത്തനങ്ങളിലൂടെ സംഭവിച്ച നഷ്ടം, ഗവൺമെന്റ് ഗ്യാരന്റിയിൽ നേരിട്ട് നൽകിയ വായ്പകൾ തിരിച്ചടയ്ക്കാതിരിക്കുകയും, ഗ്യാരന്റി വ്യവസ്ഥ സർക്കാർ പാലിക്കാതിരിക്കുകയും ചെയ്തതിലുണ്ടായ നഷ്ടം വായ്പ തുകയും, പലിശയും എഴുതി തള്ളിയ വകയിലും സർക്കാർ സമയസമയങ്ങളിൽ പ്രഖ്യാപിച്ച പലിശ സഹായവും മറ്റു ധന സഹായങ്ങളും നൽകുന്നതിൽ ഗവൺമെന്റിന്റെ കൃത്യവിലോപം തുടങ്ങിയ ഇനങ്ങളിലു ണ്ടായ നഷ്ടം എന്നിവ നികത്തുന്നതിന് പാക്കേജിൽ സാമ്പത്തിക സഹായം ഉൾപ്പെടുത്തിയിട്ടുണ്ട്.<br>പ്രാഥമിക, കാർഷിക വായ്പാ സംഘങ്ങളുടെ എല്ലാ വായ്പാ പ്രവർത്തനങ്ങളും സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ കാർഷിക |

വായ്പാ പ്രവർത്തനം മൂലമുണ്ടായ നഷ്ടത്തിന്റെ ഒരു ഭാഗവും ,പൊതുവിതരണം മൂലമുണ്ടായ നഷ്ട ത്തിന്റെ 50% എന്നിവ കേന്ദ്രസർക്കാർ വഹിക്കുന്നതാണ്. പൊതുവിതരണം മൂലമുണ്ടായ നഷ്ടത്തിന്റെ 50%ഉം സർക്കാർ ഗ്യാരന്റി വ്യവസ്ഥ പ്രകാരം വായ്പ തിരിച്ചടയ്ക്കാതെ ഉണ്ടായ നഷ്ടം എന്നിവ സംസ്ഥാന സർക്കാർ വഹിക്കേണ്ട താണ്. മറ്റ് കാരണങ്ങളാൽ ഉണ്ടായ നഷ്ടം അതാത് സഹകരണ സ്ഥാപനങ്ങൾ വഹിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 31.03.2004 ലെ സ്ഥിതി പ്രകാരം നബാർഡ് നടത്തുന്ന സ്പെഷ്യൽ ആഡിറ്റിന്റെ അടിസ്ഥാന ത്തിൽ തിട്ടപ്പെടുത്തുന്ന നഷ്ടത്തിനാ യിരിക്കും സാമ്പത്തിക സഹായം ലഭിക്കുക. ആകെ അടങ്കലിന്റെ 68% ബാധ്യത കേന്ദ്ര സർക്കാരും, 28% സംസ്ഥാന സർക്കാരും 4% അതാത് സ്ഥാപനങ്ങളും വഹിക്കേണ്ടി വരുമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(എഫ്) ഈ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന് എതിർപ്പുണ്ടോ ; എങ്കിൽ എന്തൊക്കെയെന്ന് വെളിപ്പെടു ത്തുമോ ?

(എഫ്) വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള കേന്ദ്രസർക്കാരിന്റെ സാമ്പത്തിക പാക്കേജ് പൊതുവേ അംഗീകരിക്കാവുന്ന താണ്, എങ്കിലും അത് ലഭ്യമാകുന്നതിന് നിഷ്ക്കർഷിച്ചിട്ടുള്ള വ്യവസ്ഥകളും മാന ദണ്ഡങ്ങളും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് ദോഷക രമാകുമെന്നാണ് വിലയിരുത്തി യിട്ടുള്ളത്. ആയത് കണക്കിലെടുത്ത് സംസ്ഥാനത്തെ സഹകരണ പ്രസ്ഥാന ത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് സംസ്ഥാനത്തിന് യോജിച്ച തരത്തിൽ പാക്കേജ് നടപ്പാക്കുന്നതിന്

നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്നാണ് സംസ്ഥാന സർക്കാരിന്റെ ആവശ്യം. ആയതിനായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T 142</u> <u>27.12.2010-ൽ മറുപടിയ്ക്ക്</u>

<u>പച്ചക്കറികളുടെ വില വർദ്ധനവ്</u>

| *ചോദ്യം* | *മറുപടി* |
| --- | --- |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:<br>" എ.പി. അനിൽകുമാർ: | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പച്ചക്കറികളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നത് നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) പച്ചക്കറികൾക്ക് വിലക്കയറ്റമുണ്ടാകുമ്പോഴും, ഓണം, വിഷു, ക്രിസ്തുമസ് തുടങ്ങി പച്ചക്കറികൾക്ക് അധികം ആവശ്യമുണ്ടാകുന്ന സാഹചര്യങ്ങളിലും വിലക്കയറ്റം നിയന്ത്രിക്കുന്നതിന് കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവ വിപണി ഇടപെടൽ നടത്തി പൊതു വിപണിയിലേതിനെക്കാൾ 20% വരെ വില കുറച്ച് പച്ചക്കറികൾ വിതരണം ചെയ്യാറുണ്ട്.<br>2010-ലെ ഓണക്കാലത്ത് പച്ചക്കറി വില നിയന്ത്രിക്കുന്നതിനും ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് പച്ചക്കറികൾ ലഭ്യമാക്കുന്നതിനും വേണ്ടി പച്ചക്കറി വിപണന മേളകൾ സംസ്ഥാനത്ത് സംഘടിപ്പിച്ചു. മൊത്തം 62 ചന്തകൾ സംഘടിപ്പിക്കുകയുണ്ടായി. ഇതിനായി |

.....2)

കൃഷി വകുപ്പ് നേരിട്ട് നടത്തിയ ചന്തകൾക്ക് 52 ലക്ഷം രൂപയും, ഹോർട്ടി കോർപ്പ് മുഖേന നടത്തിയ ചന്തകൾക്ക് 60 ലക്ഷം രൂപയും, വി.എഫ്.പി.സി.കെ മുഖേന നടത്തിയ ചന്തകൾക്ക് 25 ലക്ഷം രൂപയും ചെലവഴിച്ചു. പ്രസ്തുത മേളകൾ നടത്തിയതു കാരണം ഓണക്കാലത്ത് വിപണിയിലെ പച്ചക്കറിയുടെ വില വർദ്ധന ഒരു പരിധിവരെ നിയന്ത്രിക്കുവാൻ സാധിച്ചു.

വി.എഫ്.പി.സി.കെ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 391 ഓണച്ചന്തകളും, 44 ന്യായവില പച്ചക്കറി വിപണന മേളകളും സംഘടിപ്പിച്ചിട്ടുണ്ട്.

2010 ക്രിസ്തുമസ് കാലത്ത് പച്ചക്കറി മേളകൾ നടത്തുന്നതിനു വേണ്ടി ഹോർട്ടി കോർപ്പിന് 28 ലക്ഷം രൂപയും, വി.എഫ്.പി.സി.കെ-യ്ക്ക് 12 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേ തൃശ്ശൂർ ജില്ലയിൽ കൃഷി വകുപ്പ് നേരിട്ട് ക്രിസ്തുമസ് പച്ചക്കറി മേള നടത്തുന്നുണ്ട്. 5 ലക്ഷം രൂപ ഇതിനു വേണ്ടി അനുവദിച്ചിട്ടുണ്ട്.

.....3)

(ബി) സംസ്ഥാനത്തിനുള്ളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിക്കാനും വിതരണം നടത്താനും എന്തൊക്കെ പുതിയ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിൽ കർഷകരുടെ ഉല്പന്നങ്ങൾ ലേലം നടത്തി വിപണനം നടത്തുവാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഓരോ വിപണിയുടേയും പരിസരത്തുള്ള കർഷകരെ ഗ്രൂപ്പുകളാക്കി ആഴ്ചയിൽ ഒരു നിശ്ചിത ദിവസം അവരുടെ ഉല്പന്നങ്ങൾ ഈ വിപണിയിൽ വച്ച് ലേലം ചെയ്യുന്നു. ഇത്തരം ലേലങ്ങളിൽ ഉല്പന്നങ്ങൾക്ക് ന്യായ വില ഉറപ്പാക്കുന്നതിനായി ഹോർട്ടിക്കോർപ്പും ലേലത്തിൽ പങ്കു ചേരുന്നുണ്ട്. ഇതിനായി 50 ലക്ഷം രൂപ പ്രവർത്തന ഫണ്ടായി ഹോർട്ടിക്കോർപ്പിന് അനുവദിച്ചിട്ടുണ്ട്. ഇത്തരം ലേലങ്ങളിലേയ്ക്ക് കർഷകരെ ആകർഷിക്കുന്നതിനായി അവരുടെ ഉല്പന്നങ്ങൾക്ക് കിലോയ്ക്ക് 50 പൈസ നിരക്കിൽ ട്രാൻസ്പോർട്ട് സബ്സിഡി നൽകുന്നു.

ഹോർട്ടിക്കോർപ്പിന്റെ നിലവിലുള്ള പ്രാദേശിക സംഭരണ കേന്ദ്രങ്ങളിലും സബ്സെന്ററുകളിലും നേരിട്ടെത്തുന്ന

.....4)

പച്ചക്കറികളും പഴ വർഗ്ഗങ്ങളും ന്യായമായ വിലയിൽ സംഭരിച്ചു വരുന്നുണ്ട്. വി.എഫ്.പി.സി.കെ.യുടെ 248 സ്വാശ്രയ കർഷക വിപണികളും 73 ശേഖരണ കേന്ദ്രങ്ങളും സംസ്ഥാനത്തിനുള്ളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിച്ച് മൊത്ത വ്യാപാരികൾക്ക് നേരിട്ട് വിപണനം ചെയ്തു വരുന്നു. വി.എഫ്.പി.സി.കെ. നേരിട്ട് 18 പച്ചക്കറി ചില്ലറ വില്പനശാലകൾ വഴി ഉപഭോക്താക്കൾക്ക് പച്ചക്കറികൾ വിതരണം ചെയ്യുന്നു.

കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കാർഷിക മൊത്ത വ്യാപാര വിപണികളിൽ (നെടുമങ്ങാട്, ആനയറ, മുവാറ്റുപുഴ, മരട്, ബത്തേരി, വേങ്ങേരി) എത്തുന്ന കർഷകരുടെ ഉല്പന്നങ്ങൾ പരമാവധി ഹോർട്ടിക്കോർപ്പ് നേരിട്ട് സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അടുത്ത കാലത്ത് തുറന്ന് പ്രവർത്തനം ആരംഭിച്ച മേല്പറഞ്ഞ വിപണികളിൽപ്പെടുന്ന മുവാറ്റുപുഴ, വേങ്ങേരി മാർക്കറ്റുകളിൽ

....5)

എല്ലാ ആഴ്ചയിലും ലേലത്തിൽ പങ്കെടുത്ത് ഉല്പന്നങ്ങൾ സംഭരിച്ചു തുടങ്ങിയിട്ടുണ്ട്.

ബത്തേരി മാർക്കറ്റ് 2011 ജനുവരി 12-ന് തുറക്കുന്നതോടെ അവിടെ നിന്നും ഹോർട്ടിക്കോർപ്പ് പച്ചക്കറികൾ സംഭരിക്കുന്നതാണ്.

(സി) അയൽ സംസ്ഥാനങ്ങളിൽ നിന്ന് സംഭരിക്കുന്ന പച്ചക്കറികൾ ന്യായ വിലയ്ക്ക് ലഭ്യമാക്കാൻ ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്;

(സി) അയൽ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പച്ചക്കറികൾ പൊതു കമ്പോളത്തിലുള്ളതിനേക്കാൾ കുറഞ്ഞ വിലയ്ക്കാണ് ഹോർട്ടിക്കോർപ്പ് സ്റ്റാളുകളിലൂടെ വിൽക്കുന്നത്. പച്ചക്കറികൾക്ക് പൊതു കമ്പോളത്തിലെ വില വിലയിരുത്തിയതിനു ശേഷമാണ് ഹോർട്ടിക്കോർപ്പ് കുറഞ്ഞ വില നിശ്ചയിക്കുന്നത്.

(ഡി) പച്ചക്കറി അമിത വിലയ്ക്ക് വില്പന നടത്തുന്നത് നിയന്ത്രിക്കുന്നതിനും ഉപഭോക്താക്കൾക്ക് ന്യായ വിലയ്ക്ക് പച്ചക്കറി ലഭ്യമാക്കാനും എന്തൊക്കെ പുതിയ ഇടപെടലുകൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(ഡി) ക്രിസ്തുമസ് കാലത്തെ പച്ചക്കറി വില നിയന്ത്രിക്കുന്നതിനായി വി.എഫ്.പി.സി.കെ ഹോർട്ടിക്കോർപ്പ്, കൃഷി വകുപ്പ് എന്നിവ ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശൂർ എന്നിവിടങ്ങളിൽ ക്രിസ്തുമസ് പച്ചക്കറി മേളകൾ സംഘടിപ്പിക്കുന്നുണ്ട്.

വിപണി വിലയേക്കാൾ 20% വരെ കുറച്ചാണ് ഈ മേളകളിൽ പച്ചക്കറി വിതരണം ചെയ്യുന്നത്. ഇതിനായി 45 ലക്ഷം രൂപ അനുവദിച്ചു. ഇതിനു പുറമേ, കാലാകാലങ്ങളിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവ വിപണി ഇടപെടൽ നടത്താറുണ്ട്. ഇത്തരത്തിൽ വിപണി ഇടപെടൽ നടത്തുന്നതിനായി ഈ വർഷം 505 ലക്ഷം രൂപ ബഡ്ജറ്റിൽ വകക്കൊള്ളിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ കീഴിലുള്ള മൊത്ത വ്യാപാര വിപണികൾ ശക്തിപ്പെടുത്തി ന്യായവിലയ്ക്ക് പച്ചക്കറികൾ ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 143

27.12.2010- ലെ
മറുപടിക്ക്

**<u>കയർ മേഖലയുടെ സമഗ്ര വികസനം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ്<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. തോമസ് ചാഴിക്കാടൻ | **ശ്രീ. ജി. സുധാകരൻ**<br>**(സഹകരണവും കയറും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്തെ കയർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (എ) കയർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രധാന പദ്ധതികളുടെ വിശദവിവരം അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു. |
| (ബി) കയർ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാൻ സർക്കാർ സമിതികളെ നിയോഗിച്ചിരുന്നോ; എങ്കിൽ ഏതൊക്കെ; റിപ്പോർട്ടുകൾ സമർപ്പിച്ചുവോ; എങ്കിൽ ശുപാർശകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) കയർ മേഖലയുടെ വളർച്ചയും വികസനവും ലക്ഷ്യമാക്കി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സർക്കാർ നിയോഗിച്ച ആനത്തലവട്ടം ആനന്ദൻ ചെയർമാനായ കയർ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ അനുബന്ധം II ൽ ചേർത്തിരിക്കുന്നു. |
| (സി) കയർ മേഖലയുടെ ആധുനികവൽക്കരണത്തിന് എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കി; ഇനി എന്തൊക്കെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) കയർ മേഖലയുടെ വികസനത്തിനും ആധുനികവൽക്കരണത്തിനുമായി സ്വീകരിച്ച നടപടികൾ അനുബന്ധം III ൽ ചേർത്തിരിക്കുന്നു.<br><br>സെക്ഷൻ ഓഫീസർ |

# അനുബന്ധം - I

- ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി പുതിയ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം സഹകരണ മേഖല , കുടുംബശ്രീ, സി ഡി എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം ആരംഭിക്കുന്ന മില്ലുകൾക്ക് 75% പരമാവധി 25 ലക്ഷം രൂപ ഗ്രാന്റായി നൽകി വരുന്നു.

  നിലവിലുള്ള ഡീഫൈബറിംഗ് മില്ലുകൾ പുനരുദ്ധരിക്കുന്നതിന് 75% പരമാവധി 15 ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

- പുതിയ ഡീഫൈബറിംഗ് മില്ലുകൾ തുടങ്ങുന്ന സ്വകാര്യ സംരംഭകർക്ക് ആകെ ഇൻവെസ്റ്റ്മെന്റിന്റെ 50% പരമാവധി 10 ലക്ഷം രൂപ അനുവദിച്ചുവരുന്നു.

  നിലവിലുള്ള സ്വകാര്യ ഡീഫൈബറിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിന് പ്രോജക്ട് കോസ്റ്റിന്റെ 75 ശതമാനമോ 10 ലക്ഷം ,രൂപയോ ഏതാണ് കുറവ് അത് അനുവദിച്ചു വരുന്നു.

- തൊണ്ട് സംഭരണത്തിനായി തൊണ്ട് സംഭരണ കമ്മറ്റികൾ /കൺസോർഷ്യം രൂപീകരിക്കുകയും ഒരു തൊണ്ടിന് പരമാവധി 10 പൈസ നിരക്കിൽ ഇൻസെന്റീവ് /സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

- 350 സംഘങ്ങളിലെ 7000-ത്തോളം തൊഴിലാളികൾക്ക് 3 വിവിധ ഇനം കയർ പിരിക്കുന്ന പരിശീലനവും മോട്ടോറൈസ്ഡ് റാട്ടുകളും നൽകിവരുന്നു.

- നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ മൂന്നു മേഖലകളിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു. അധിക കേന്ദ്രസഹായ പദ്ധതി പ്രകാരം 25 സ്പിന്നിംഗ് മെഷീനും 6 വീവിംഗ് മെഷീനും നൽകുന്നതിനുള്ള നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. ഇതിലേയ്ക്കായി 293.65 ലക്ഷം രൂപ NCRMI യ്ക്ക് നൽകിയിട്ടുണ്ട്.

- കയർ മേഖലയ്ക്കാവശ്യമായ യന്ത്രസാമഗ്രികൾ കേരളത്തിൽ തന്നെ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ ആലപ്പുഴയിൽ കയർ യന്ത്രനിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു.

- സംഘം തൊഴിലാളികളുടെ ത്രിഫ്റ്റ് /ഷെയർ മടക്കി നൽകുകയും, സംഘം ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി നൽകുകയും ചെയ്യുന്നു.

- കയർ മേഖലയിലെ സഹകരണ സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും കടാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നു.

- കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. എന്നീ സ്ഥാപനങ്ങൾ ശക്തിപ്പെടുത്താൻ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കയർഫെഡിന്റെ പുനരുദ്ധാരണ പദ്ധതി സർക്കാർ അംഗീകരിച്ചു.

- കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ

- വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് പദ്ധതി നടപ്പിലാക്കി വരുന്നു.

- സുനാമി ബാധിത മേഖലയിലെ 15 പഞ്ചായത്തുകളിലെ കയർ തൊഴിലാളികൾക്ക് 20 ആട്ടോമാറ്റിക് കയർ സ്പിന്നിംഗ് യൂണിറ്റും 4 ക്രീൽ മാറ്റ് ലൂം യൂണിറ്റും 80 % സബ്സിഡിയോടെ നടപ്പിലാക്കുന്നു.

- കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ സങ്കരയാൺ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികളും ഫോം മാറ്റിംഗ്സിന്റെ ആഭിമുഖ്യത്തിൽ വൈക്കത്ത് കയർ കോമ്പസിറ്റ് ബോർഡ് സ്ഥാപിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിനു പുറമെ ആലപ്പുഴ കയർ ക്ലസ്റ്റർ ഡവലപ്മെന്റ് സൊസൈറ്റിയും കയർഫെഡും സംയുക്തമായി കയർഫെഡിന്റെ ഉടമസ്ഥതയിൽ PVC tufted ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വൈവിദ്ധ്യവൽക്കരണത്തിനാവശ്യമായി ഡിസൈൻസെന്റർ ഫോം മാറ്റിംഗ്സ് (ഇന്ത്യ) സ്ഥാപിച്ചിട്ടുണ്ട്.

- കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്ന തിലേയ്ക്കായി കേരളത്തിലെ കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെയും കയർഫെഡിന്റെയും ഉൽപ്പന്നങ്ങൾ സംസ്ഥാനത്തെ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ മുഖാന്തിരം വിറ്റഴിച്ചുകൊണ്ട് ഒരു പഞ്ചായത്തിൽ ഒരു വിൽപനശാലയെങ്കിലും എന്ന ലക്ഷ്യം സാക്ഷാത്ക രിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു. കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. എന്നീ സ്ഥാപനങ്ങളുടെ നഗരങ്ങളിലെ

വിൽപന ശാലകൾ ആധുനീകരിക്കുന്നതിന്റെ ഭാഗമായി കയർ ഷോപ്പി കളാക്കിമാറ്റി വരുന്ന പദ്ധതി നടപ്പിലാക്കി. കയർഫെഡ്, കയർ പൊതുമേഖലാ സ്ഥാപനങ്ങൾ കയർ സഹകരണ സംഘങ്ങൾ, ചെറുകിട ഉൽപ്പാദകർ, സ്വകാര്യ സംരംഭകർ തുടങ്ങി എല്ലാപേരെയും ഉൾപ്പെടുത്തിക്കൊണ്ട് കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം/മാർക്കറ്റിംഗ് കമ്പനി ആരംഭിക്കാനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ഇതിനുപുറമെ ദേശീയ അന്തർദേശീയ വിൽപന മേളകളിൽ പങ്കെടുത്ത് മാർക്കറ്റിംഗ് ശക്തമാക്കുന്നതിനും ധനസഹായം നൽകി വരുന്നു. കൂടാതെ കൈത്തറി കയർ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നവർക്ക് FOB വാല്യുവിന്റെ 2.5% പ്രോത്സാഹനമായി നൽകാൻ ഉത്തരവായിട്ടുണ്ട്. ഇതിനു പുറമെ പ്രധാന നഗരങ്ങളിൽ ഉത്സവ കാലയളവുകളിൽ വിൽപ്പന മേളകൾ സംഘടിപ്പിച്ചു വരുന്നു. വിൽപന മേളകളിൽ പങ്കെടുക്കുന്ന കയർ പൊതുമേഖലാസ്ഥാപനങ്ങൾ, കയർഫെഡ്, മാറ്റ്സ് & മാറ്റിംഗ് സംഘങ്ങൾ എന്നിവയ്ക്ക് വിൽപനയുടെ 50% നിബന്ധനകൾക്കു വിധേയമായി എക്സിബിഷൻ ഗ്രാന്റായും പുതിയ വിൽപന ശാലകൾ ആരംഭിക്കുന്നതിന് 50% പരമാവധി 1 ലക്ഷം രൂപവരെ ഷോറൂം ഗ്രാന്റായും നൽകി വരുന്നു. കൂടാതെ വിദേശ എക്സിബിഷനുകളിൽ പങ്കെടുക്കാൻ കയർഫെഡ്, കയർ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അവസരം നൽകി.

- ഗവേഷണ വികസന പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ( NCRMI) എല്ലാ സജ്ജീകരണങ്ങളോടും കൂടി പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു.

- 3000-4000 തൊണ്ട് ദിനംപ്രതി (ശരാശരി 8 മണിക്കൂർ) ചകിരിയാക്കി മാറ്റാവുന്ന മിനി ഡീഫൈബറിംഗ് മെഷീൻ NCRMI സംഘങ്ങൾക്ക് സൗജന്യമായും സ്വകാര്യ സംരംഭകർക്ക് സബ്സിഡി നിരക്കിലും വിതരണം ചെയ്തു വരുന്നു.

Joe. C. Kothilankal
(signature)

## അനുബന്ധം - II

- തൊണ്ട് സംഭരണത്തിനായി തൊണ്ട് സംഭരണ കമ്മറ്റികൾ/ തൊണ്ട് സംഭരണ സംഘങ്ങൾ/കൺസോർഷ്യം രൂപീകരിക്കുകയും ഒരു തൊണ്ടിന് 10 പൈസ നിരക്കിൽ ഇൻസെന്റീവ് /സബ്സിഡി നൽകുക.

- ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി പുതുതായി 100 ഡീഫൈബറിംഗ് മില്ലുകൾ അ ാരംഭിക്കുക. ഡീഫൈബറിംഗ് മില്ലുകൾക്ക് 50% വൈദ്യുതി സബ്സിഡി നൽകുക. പ്രവർത്തന രഹിതമായ ഡീഫൈബറിംഗ് മില്ലുകൾ പ്രവർത്തന ക്ഷമമാക്കുക. ഇവയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുക.

- സഹകരണ സംഘങ്ങൾ പുനസംഘടിപ്പിക്കുക പ്രവർത്തന ക്ഷമമല്ലാത്ത സംഘങ്ങളുടെ രജിസ്ട്രേഷൻ റദ്ദുചെയ്യുക, സംഘം തൊഴിലാളികളുടെ ത്രിഫ്റ്റ് മടക്കി നൽകുക. സംഘം ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി എന്നിവയിലേയ്ക്ക് ധനസഹായം സർക്കാർ നൽകണം. കയർ സംഘങ്ങളുടെ ആഡിറ്റ് കയർ വികസന വകുപ്പിന് നൽകുക.

- ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുക.

- വില സ്ഥിരതാഫണ്ട് ഏർപ്പെടുത്തുക.

- അനുപം ലൂം അനുഗ്രഹ ലൂം എന്നീ ഉൽപ്പാദന ക്ഷമത കൂടിയ ലൂമുകൾ സ്ഥാപിക്കുക. ഇവയ്ക്ക് ആവശ്യമായ ഗ്രാന്റുകൾ സർക്കാർ നൽകുക.

- അസംസ്കൃത സാധന ബാങ്ക് സ്ഥാപിക്കുക.

- കയർപിരി മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തുന്ന തിനുള്ള നടപടികൾ സ്വീകരിക്കുക.

- ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിപുലപ്പെടുത്തി തൊഴിലാളികൾക്ക് വേണ്ടി കൂടുതൽ ക്ഷേമ പദ്ധതികൾ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുക.

- കയർതൊഴിലാളികളെയെല്ലാം ഇ എസ് ഐ പരിധിയിൽ കൊണ്ടുവരിക. തൊഴിലാളികൾക്ക് മുഴുവനും ഇൻഷ്വറൻസ് പരിരക്ഷ നൽകുക. പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ കയർ മേഖലയിൽ സഹായം നൽകുന്നതിനുള്ള വ്യവസ്ഥ ഡിസാസ്റ്റർ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തുക.

- റിമോട്ട് പദ്ധതിയിൽ കയർ സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി പദ്ധതിയിൽ ഭേദഗതി വരുത്തുവാൻ കയർ ബോർഡിനോട് ശുപാർശ ചെയ്യുന്നു.

c4/pr

- കയർമേഖലയിലെ പദ്ധതികൾ ഏറ്റെടുത്തുനടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുക.

- നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കുക. വേഗത്തിൽ കായ്ഫലം തരുന്നതും അധികം പൊക്കമില്ലാത്തതുമായ തെങ്ങിൻ തൈകൾ വ്യാപകമായി വച്ച് പിടിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കണം.

- ചെറുകിട ഉൽപ്പാദകർക്കും കയർ സഹകരണ സംഘങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുവാൻ ബാങ്കുകൾക്ക് സർക്കാർ നിർദ്ദേശം നൽകുക.

- ചെറുകിട ഉൽപ്പാദകർക്കായി കടാശ്വാസം ഏർപ്പെടുത്തുക. അവർക്ക് കുറഞ്ഞ പലിശയ്ക്ക് ബാങ്ക് വായ്പ നൽകാനുള്ള നടപടി സ്വീകരിക്കുക.

- ഗവേഷണ വികസന പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ ശക്തിപ്പെടുത്തുക. കൂടുതൽ പരിശീലനങ്ങൾ തൊഴിലാളികൾക്ക് ഏർപ്പെടുത്തുക. കയർ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പോളിടെക്നിക്കുകൾ, ഐ റ്റി ഐ കൾ എന്നിവയിൽ ഉൾപ്പെടുത്തുക.

- കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. എന്നീ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക.

- കയർ വികസന വകുപ്പ് വ്യവസായ വകുപ്പിൽ നിന്നും മാറ്റി പ്രത്യേക സ്വതന്ത്ര വകുപ്പ് ആക്കുക. കയർ വികസന ഡയറക്ടറേറ്റ്, കയർ പ്രൊജക്ട് ഓഫീസുകൾ, കയർ ഇൻസ്പെക്ടർ ഓഫീസുകൾ എന്നിവയെ കയർ മേഖലയുടെ ഫെസിലിറ്റേറ്റർ റോളിലേയ്ക്ക് മാറ്റിയെടുക്കണം.

- വിപണന സാധ്യതകൾ വിപുലമാക്കുന്നതിലേയ്ക്കായി കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കുക.

- കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- കയർ ഉൽപ്പന്നങ്ങൾ പുതിയ ഡിസൈനിലും പാറ്റേണിലും വികസിപ്പിക്കുക, വൈവിധ്യ വൽക്കരണത്തിനുള്ള നടപടി സ്വീകരിക്കുക.

- കയർമേഖലയ്ക്ക് ആവശ്യമായ പുതിയ ഫാക്ടറി സ്ഥാപിക്കുക.

- സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ മാതൃകയിൽ കയർ മന്ത്രി ചെയർമാനും കയർ രംഗത്തെ വിദഗ്ദ്ധനെ വൈസ് ചെയർമാനുമായി ഈ മേഖലയ്ക്ക് ആവശ്യമായ നയങ്ങൾ രൂപീകരിക്കുന്നതിനായി അപെക്സ് ബോഡി ഫോർ കയർ (ABC) രൂപീകരിക്കുക.
- കയർ തൊഴിലാളിയ്ക്ക് തൊഴിൽ മാന്യത ഉറപ്പ് വരുത്തുക.

അനുബന്ധം - III

- ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി പുതിയ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം സഹകരണ മേഖല കുടുംബശ്രീ, പി ഡി എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം ആരംഭിക്കുന്ന മില്ലുകൾക്ക് 75% പരമാവധി 25 ലക്ഷം രൂപ ഗ്രാന്റായി നൽകി വരുന്നു.

  നിലവിലുള്ള ഡീഫൈബറിംഗ് മില്ലുകൾ പുനരുദ്ധരിക്കുന്നതിനും 75% പരമാവധി 15 ലക്ഷം ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

- സ്വകാര്യ സംരംഭകർക്ക് ആകെ ഇൻവെസ്റ്റ്മെന്റിന്റെ 50% പരമാവധി 10 ലക്ഷം രൂപ അനുവദിച്ചുവരുന്നു.

- നിലവിലുള്ള സ്വകാര്യ ഡീഫൈബറിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിന് പ്രോജക്ട് കോസ്റ്റിന്റെ 75 ശതമാനമോ 10 ലക്ഷം രൂപയോ ഏതാണ് കുറവ് അത് അനുവദിച്ചു വരുന്നു.

- 350 സംഘങ്ങളിലെ 7000-ത്തോളം തൊഴിലാളികൾക്ക് 3 വിവിധ ഇനം കയർ പിരിക്കുന്ന പരിശീലനവും മോട്ടോറൈസ്ഡ് റാട്ടുകളും നൽകിവരുന്നു.

- നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ പുതിയ ഡീഫൈബറിംഗ് മെഷീനുകൾ നൽകുന്ന പദ്ധതി , സ്പിന്നിംഗ് മെഷീൻ നൽകുന്ന പദ്ധതി ഇവ നടപ്പിലാക്കി വരുന്നു.

- വൈവിദ്ധ്യ വൽക്കരണത്തിനാവശ്യമായി ഡിസൈൻസെന്റർ NID യുടെ സഹായത്തോടെ ഫോം മാറ്റിംഗ്സ് (ഇന്ത്യ) സ്ഥാപിച്ചിട്ടുണ്ട്.

- കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സങ്കരയാൺ ഫാക്ടറി, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. ന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പസിറ്റ് ബോർഡ് ഫാക്ടറി, കയർഫെഡിന്റെ ആഭിമുഖ്യത്തിൽ PVC ടഫ്റ്റഡ് ഫാക്ടറി എന്നിവ ആരംഭിക്കാൻ നടപടി സ്വീകരിച്ചു.

- കയർ മേഖലയ്ക്കാവശ്യമായ എല്ലാതരം മെഷിനറികളും സ്ഥാപിക്കുന്ന ഫാക്ടറിയുടെ നിർമ്മാണം പുരോഗമിക്കുന്നു.

Jose c. Kathalankal
സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 147

## 27.12.10 - ൽ മറുപടിക്ക്

### വനിതാ സഹകരണ സംഘങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ:<br>ശ്രീമതി. .പി. അയിഷാ പോറ്റി :<br>ശ്രീമതി. ജെ. അരുന്ധതി :<br>ശ്രീമതി കെ.എസ്. സലീഖ : | | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും<br>വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര വനിതാ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) | തൊള്ളായിരത്തി എൺപത് (980) വനിതാ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) | വനിതാ സഹകരണസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തന മൂലധനഗ്രാന്റായി പരമാവധി രണ്ടുലക്ഷം രൂപയും സർക്കാർ ഓഹരിമൂലധനമായി പരമാവധി ഒരു ലക്ഷം രൂപയും ധനസഹായം നൽകിവരുന്നു. കൂടാതെ 2009 - 10 സാമ്പത്തിക വർഷത്തിൽ പീഡിത സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരവും 2009 -10, 2010 - 11 വർഷങ്ങളിൽ സഹകരണ നവരത്നം കേരളീയം ലോട്ടറി ഫണ്ടിൽനിന്നും കൺസ്യൂമർസ്റ്റോർ, നീതിമെഡിക്കൽസ്റ്റോർ, എന്നിവ ആരംഭിക്കുന്നതിനും സ്ഥലം വാങ്ങുന്നതിനും കെട്ടിടനിർമ്മാണം |

എന്നിവയ്ക്കായും ധനസഹായം നൽകിയിട്ടുണ്ട്. വനിതാ സഹകരണ സംഘങ്ങളിലെ മാനേജർമാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വനിതാ സഹകരണ സംഘങ്ങൾക്കായി സംസ്ഥാനത്ത് വനിതാഫെഡറേഷൻ രൂപീകരിച്ച് ചെറുകിട സംരംഭങ്ങൾക്ക് വിപണി കണ്ടെത്തുകയും അവയ്ക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. വനിതാ സഹകരണ സംഘങ്ങളുടെ ത്രൈമാസയോഗം വിളിച്ചുകൂട്ടുന്നതിനും ഓരോ മാസവും മൂന്നു വനിതാ സഹകരണസംഘങ്ങൾ സന്ദർശിച്ച് പരിശോധന നടത്തുന്നതിനും വകുപ്പുദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിനിതാ ഫെഡറേഷൻ അടുത്ത അഞ്ചു വർഷത്തേയ്ക്ക് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് ഒരു രൂപരേഖ തയ്യാറാക്കുന്നതിന് ഫെഡറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. വനിതാ സഹകരണസംഘങ്ങളുടെ ആഡിറ്റ് യഥാസമയം പൂർത്തിയാക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്നതിന് വനിതാ സഹകരണസംഘങ്ങളെ പ്രാപ്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വിവിധ തൊഴിലധിഷ്ഠിത പദ്ധതികൾക്കായി സർക്കാരിൽനിന്ന് ഓഹരി മൂലധനമായും പ്രവർത്തന മൂലധന ഗ്രാന്റായും ധനസഹായം നൽകിവരുന്നു. കൂടാതെ കൺസ്യൂമർ സ്റ്റോറുകളും നീതി മെഡിക്കൽസ്റ്റോറുകളും ആരംഭിക്കുന്നതിന് വനിതാ സഹകരണ സംഘങ്ങൾക്കും അനുവാദം നൽകുകയും ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ഡി) | വനിതാ സഹകരണസംഘങ്ങൾക്ക് നീതി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും അനുവദിക്കാൻ പദ്ധതി ആവിഷ്ക്കരിക്കുമോ; | (ഡി) | സംഘങ്ങളുടെ നിയമാവലിയിൽ വ്യവസ്ഥയുണ്ടെങ്കിൽ അപേക്ഷ ലഭിക്കുന്ന മുറക്ക് നീതി സ്റ്റോറുകളും നീതി മെഡിക്കൽസ്റ്റോറുകളും അനുവദിച്ചുവരുന്നു. കൂടാതെ നീതി മെഡിക്കൽ സ്റ്റോറുകളും കൺസ്യൂമർ സ്റ്റോറുകളും ആരംഭിക്കുന്നതിന് സഹകരണ നവരത്നം കേരളീയം ഫണ്ടിൽനിന്നും ധനസഹായം നൽകിയിട്ടുണ്ട്. |
| (ഇ) | കൂടുതൽ വനിതാ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുമോ എന്ന് വ്യക്തമാക്കുമോ? | (ഇ) | പ്രോത്സാഹനം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 148 — 27.12.2010 - ൽ മറുപടിയ്ക്ക്

### സഹകരണ വിദ്യാഭ്യാസം കേരളീയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.സി.മൊയ്തീൻ<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ.പി.വിശ്വൻ<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) സഹകരണ വിദ്യാഭ്യാസം കേരളീയം പദ്ധതി പ്രഖ്യാപിച്ചതിനുശേഷം സഹകരണ മേഖലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) 'സഹകരണം നവരത്നം കേരളീയം' എന്ന ഒൻപതിന കർമ്മപരിപാടിയിലെ 'സഹകരണ വിദ്യാഭ്യാസം കേരളീയം' പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ നിയമസഭാ നിയോജക മണ്ഡലങ്ങളിലും ഓരോ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്. ഈ പദ്ധതിയുടെ പ്രഖ്യാപനത്തെ തുടർന്ന് സംസ്ഥാനത്ത് 12 നിയോജക മണ്ഡലങ്ങളിലായി 16 പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിക്കുകയും, നിലവിലുണ്ടായിരുന്ന സ്ഥാപനങ്ങളിൽ നിരവധി പുതിയ കോഴ്സുകൾ ആരംഭിക്കുകയും, പ്രൊഫഷണൽ കോഴ്സുകൾ തുടങ്ങുക എന്ന ഉദ്ദേശ്യത്തോടെ പുതുതായി നിരവധി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഓരോ നിയോജക മണ്ഡലത്തിലും ഓരോ പ്രൊഫഷണൽ കോളേജ് എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | (ബി) 'സഹകരണ വിദ്യാഭ്യാസം കേരളീയം' പദ്ധതിയുടെ പ്രഖ്യാപനം സഹകരണ മേഖലയിൽ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നതിന് അനുകൂലവും പ്രോത്സാഹജനകവുമായ സാഹചര്യ |

മൊരുക്കുകയും, കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷൻ (കേപ്പ്) ഉൾപ്പടെയുള്ള നിരവധി സഹകരണ സ്ഥാപനങ്ങൾ, പ്രൊഫഷണൽ മേഖലയിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് (കേപ്പ്), ട്രഷറി സ്മാൾ സേവിംഗ്സ് ഡെപ്പോസിറ്റ് സ്കീം പ്രകാരം നൽകാനുള്ള തുകയിൽ നിന്നും, പദ്ധതിയേതര ഇനത്തിൽ ഓരോ വർഷവും ധനസഹായം അനുവദിക്കുന്നതിന് പുറമേ, 2008-09 സാമ്പത്തിക വർഷത്തിൽ, പുന്നപ്ര എൻജിനീയറിംഗ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിനായി പ്രത്യേക ധനസഹായമായി 5 കോടി രൂപയും, കൊച്ചിയിലെ നഴ്സിംഗ് കോളേജ്/ നഴ്സിംഗ് ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണത്തിനായി 2009-10 വർഷത്തിൽ 'സഹകരണ നവരത്നം കേരളീയം ലോട്ടറി ഫണ്ടിൽ' നിന്നും 70 ലക്ഷം രൂപയും, പീഡിത സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 3 കോടി രൂപയും, 2010-11 വാർഷിക പദ്ധതി പ്രകാരം പദ്ധതിയിനത്തിൽ 3 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ പുന്നപ്രയിലെ എം.ബി.എ കോളേജിന്റെയും ഫിനിഷിംഗ് സ്കൂളിന്റെയും നിർമ്മാണത്തിനായി ലോട്ടറി ഫണ്ടിൽ നിന്നും 2 കോടി രൂപയും, കേപ്പിന്റെ കീഴിലുള്ള 6 എൻജിനീയറിംഗ് കോളേജുകളിലെ

ലൈബ്രറികളുടെ നവീകരണത്തിനായി ലോട്ടറി ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യം ഒരുക്കുക, വികസിപ്പിക്കുക, ആധുനികവൽക്കരിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കും പ്രവർത്തന മൂലധന സഹായം നൽകുന്നതിനുമായി എൻ.സി.ഡി.സി പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള ചട്ടങ്ങൾ/ പദ്ധതി തയ്യാറാക്കി നടപ്പ് വർഷം മുതൽ തന്നെ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സഹകരണ സംഘങ്ങളുടെ അറ്റലാഭത്തിന്റെ 5% പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിലേയ്ക്ക് വകമാറ്റുന്നതിന് 2010 ലെ കേരള സഹകരണ സംഘങ്ങളുടെ (ഭേദഗതി) നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദമായ പദ്ധതി തയ്യാറാക്കി വരുന്നു.

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം സഹകരണ മേഖലയിൽ എത്ര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചു എന്ന് വ്യക്തമാക്കുമോ ; പുതുതായി എത്ര സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖലയിൽ 10 പുതിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

പുതുതായി 4 സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ഡി) പ്രൊഫഷണൽ കോഴ്സുകൾ തുടങ്ങുന്നതിനായി പുതുതായി ഏതെല്ലാം സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) പ്രൊഫഷണൽ കോഴ്സുകൾ തുടങ്ങുന്നതിനായി പുതുതായി ചുവടെ ചേർക്കുന്ന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(1) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ മേലാറ്റൂർ കേന്ദ്രമാക്കി മാനേജ്മെന്റ് സ്റ്റഡീസ് & എജ്യൂക്കേഷണൽ ഡവലപ്പ്മെന്റ് സഹകരണ സംഘം

(2) കുറ്റിപ്പുറം നിയോജക മണ്ഡലത്തിൽ നാഷണൽ കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ ആന്റ് മാനേജ്മെന്റ്

(3) തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ പരപ്പനങ്ങാടി കേന്ദ്രമാക്കി മലബാർ എഡ്യൂക്കേഷണൽ അക്കാഡമി

(4) തൃത്താല നിയോജക മണ്ഡലത്തിൽ തൃത്താല ബ്ളോക്ക് എഡ്യൂക്കേഷൻ സഹകരണസംഘം

(5) ശ്രീകൃഷ്ണപുരം നിയോജക മണ്ഡലത്തിൽ ശ്രീകൃഷ്ണപുരം ബ്ളോക്ക് എഡ്യൂക്കേഷൻ സഹകരണ സംഘം

(6) മേപ്പയ്യൂർ നിയോജക മണ്ഡലത്തിൽ കുറ്റ്യാടി എഡ്യൂക്കേഷണൽ സഹകരണ സംഘം

(7) കോഴിക്കോട് നിയോജക മണ്ഡലത്തിൽ കോഴിക്കോട് ഡിസ്ട്രിക്റ്റ് മെഡിക്കൽ ഡയഗ്നോസ്റ്റിക് & പാരാ മെഡിക്കൽ സഹകരണ സംഘം

(8) മങ്കട നിയോജക മണ്ഡലത്തിൽ ഗ്ളോബൽ എഡ്യൂക്കേഷൻ & മാനേജ്മെന്റ് സ്റ്റഡീസ് കോപ്പറേറ്റീവ് ലിമിറ്റഡ്

(9) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ജില്ലാ പ്രൊഫഷണൽ എഡ്യൂക്കേഷൻ സഹകരണസംഘം

(10) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ, പാരാ

മെഡിക്കൽ & ടെക്നോളജി ലിമിറ്റഡ്, മാടായി
(11) അഴീക്കോട് നിയോജക മണ്ഡലത്തിൽ മൊറാഴ എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി
(12) അഴീക്കോട് നിയോജക മണ്ഡലത്തിൽ, അക്കാദമി ഓഫ് മാനേജ്മെന്റ് & സയൻസ് & ടെക്നോളജി കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കല്യാശേരി
(13) കണ്ണൂർ നിയോജക മണ്ഡലത്തിൽ, ബാങ്ക് എംപ്ളോയീസ് എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി
(14) എടക്കാട് നിയോജക മണ്ഡലത്തിൽ കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ ( CIPEC) ചക്കരക്കൽ

| | | | |
|---|---|---|---|
| (ഇ) | സഹകരണ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനായി നടപടി സ്വീകരിക്കുമോ ? | (ഇ) | വിദ്യാഭ്യാസ സംഘങ്ങളുടെ പ്രവർത്തനം, അവ നേരിടുന്ന പ്രശ്നങ്ങൾ, അഭിവൃദ്ധിപ്പെടുത്താനുള്ള ശുപാർശകൾ, ജീവനക്കാരുടെ ഘടന, വേതനം, മറ്റ് വിഷയങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി, സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 149 — 27/12/2010 ൽ മറുപടിയ്ക്ക്

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.റി.കുഞ്ഞിരാമൻ<br>ശ്രീ. ബി.രാഘവൻ<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി<br>ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ. എ.കെ.ബാലൻ<br>(പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) പട്ടിക വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധം ഒന്ന് ആയി ചേർക്കുന്നു. |
| (ബി) ലംപ്സം ഗ്രാന്റ് സ്റ്റൈപ്പന്റ് എന്നിവയിൽ എന്തുമാത്രം വർദ്ധനവ് വരുത്തി എന്ന് വ്യക്തമാക്കുമോ ; | (ബി) 1/2/2008 ലെ സർക്കാർ ഉത്തരവ് (കൈ)നം.20/2008/പജപവവിവ പ്രകാരം ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ്മണി തുടങ്ങിയവ 50% വർദ്ധിപ്പിച്ച് 1/4/2008 മുതൽ പ്രബല്യം നൽകി ഉത്തരവായിട്ടുണ്ട്. |
| (സി) ഹോസ്റ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 108 പ്രീ മെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 90 പ്രീ മെട്രിക് ഹോസ്റ്റലുകളും 17 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിച്ചു വരുന്നു. ഹോസ്റ്റലുകളിലെ ഭക്ഷണ വിതരണത്തിനുള്ള മെനു ശാസ്ത്രീയമായി പരിഷ്കരിച്ചു. ഭക്ഷണച്ചെലവ് SSLC വരെ പ്രതിമാസം 1300 രൂപയായും +1, +2 വരെ 1500 രൂപയായും വർദ്ധിപ്പിച്ചു. പ്രീ മെട്രിക് ഹോസ്റ്റലുകളിൽ കുറഞ്ഞത് 2 കുക്കുമാർ എന്നും 60 ന് മുകളിൽ 30 അന്തേവാസികൾക്കു ഒന്ന് എന്ന അനുപാതത്തിൽ 91 കുക്കുമാരുടെ അധിക തസ്തിക സൃഷ്ടിച്ചു. പ്രീ മെട്രിക് ഹോസ്റ്റലുകളിലെ മെസ്സ് ചാർജ്ജ് ഒഴികെയുള്ള അലവൻസുകൾ 50% വർദ്ധിപ്പിച്ചു. പ്രീ മെട്രിക് ഹോസ്റ്റലുകളിലെ LP/UP വിഭാഗത്തിലെ പാർട്ട് ടൈം ട്യൂട്ടർമാരുടെ പ്രതിമാസ ഓണറേറിയം 1500 രൂപയായും ഹൈസ്കൂൾ വിഭാഗത്തിൽ |

2000 രൂപയായും വർദ്ധിപ്പിച്ചു. വിദ്യാർത്ഥികൾക്ക് പഠനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്റ്റുഡൻസ് കൗൺസിലർമാരെ നിയോഗിച്ചു. പട്ടിക വർഗ്ഗ വികസന വകുപ്പിലെ 70 പ്രീ മെട്രിക് ഹോസ്റ്റലുകളുടെയും ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെയും നവീകരണത്തിനും അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും 45 പ്രീ മെട്രിക് ഹോസ്റ്റലുകളിൽ ഫർണിച്ചർ, അടുക്കള പാത്രങ്ങൾ ഇവ വാങ്ങുന്നതിനും റീവയറിംഗ്, ശുദ്ധജല വിതരണ സംവിധാനം മെച്ചപ്പെടുത്തൽ, ടോയ് ലറ്റ് ബ്ലോക്ക നിർമ്മാണം, വസ്ത്രം ഉണക്കുന്നതിനുള്ള സൗകര്യത്തിന് ഷെഡ് നിർമ്മാണം തുടങ്ങിയ നവീകരണ പ്രവർത്തനങ്ങൾ 921 ലക്ഷം രൂപ ചിലവിൽ 2006 -07 മുതൽ നാളിതുവരെ നടപ്പാക്കി. ഹോസ്റ്റലുകളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനായി എം.എൽ.എ മാരടക്കം ജന പ്രതിനിധികൾ അടങ്ങുന്ന ഉപദേശക സമിതി രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന പ്രീ മെട്രിക് ഹോസ്റ്റലുകളിൽ ചാത്തന്നൂർ, പന്തളം, മൂത്തകുന്നം, തളിപ്പറമ്പ് എന്നീ 4 പ്രീ മെട്രിക് ഹോസ്റ്റലുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിച്ചു വരുന്നുണ്ട്. ഹോസ്റ്റലിൽ ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷ്, കണക്ക്, സയൻസ്, ഹിന്ദി എന്നീ വിഷയങ്ങളിൽ പ്രത്യേകം ട്യൂഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. യു.പി. തലത്തിൽ ക്ലാസ്സ് തിരിച്ച് ട്യൂഷൻ നൽകിവരുന്നു. പാലക്കാട് ജില്ലയിലെ കണ്ണാടിയിലും കാസർഗോഡ് ജില്ലയിലെ വിദ്യാനഗറിലും പെൺകുട്ടികൾക്കുവേണ്ടി പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുകയുണ്ടായി. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ മെസ്സ് അലവൻസ് 900/- രൂപയിൽ നിന്നും 1500/- രൂപ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. അന്തേവാസികൾക്കുള്ള പോക്കറ്റ്മണി 65/- രൂപ മുതൽ 80/- രൂപ വരെ ആയിരുന്നത് പ്രതിമാസം 100/- രൂപ മുതൽ 120/- രൂപ വരെ വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. എല്ലാ ഹോസ്റ്റലുകളിലും ലൈബ്രറി സൗകര്യം ലഭ്യമാണ്. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ മെഡിക്കൽ അലവൻസ് 2500/- രൂപയിൽ നിന്നും 5000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ അന്തേവാസികൾക്ക്

സ്പോക്കൺ/ജനറൽ ഇംഗ്ലീഷ് ക്ലാസ്സുകളും മത്സര പരീക്ഷയിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനം 2010-2011 മുതൽ നൽകുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഹോസ്റ്റലുകളിലെ പ്രവർത്തനം സുഗമവും കാര്യക്ഷമവും ആരോഗ്യപരവുമായി നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർക്കശമായ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ഹോസ്റ്റലുകളിലെയും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും മെസ്സ് അലവൻസിൽ എന്തുമാത്രം വർദ്ധനവ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) 17/04/09 -ലെ സ.ഉ.(കൈ)നം.34/09/ പജപവവിവ. പ്രകാരം പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ മെസ്സ് ചാർജ്ജ് 900/- രൂപയിൽ നിന്നും 1500/- രൂപയായും പ്രീ മെട്രിക് ഹോസ്റ്റലുകളിലെ മെസ്സ് ചാർജ്ജ് 700/- രൂപയിൽ നിന്നും 1300/- രൂപയായും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും മെസ്സ് ചാർജ്ജ് 1 മുതൽ 10 വരെ ക്ലാസ്സുകളിൽ 700/- രൂപയിൽ നിന്നും 1300/- രൂപയായും 11 മുതൽ 12 വരെ ക്ലാസ്സുകളിൽ 900/- രൂപയിൽ നിന്നും 1500/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. വെള്ളായണി അയ്യൻകാളി സ്പോർട്സ് സ്കൂളിലെ വിദ്യാർത്ഥികളുടെ മെസ്സ് അലവൻസ് പ്രതിദിനം 40 രൂപയായിരുന്നത് 75 രൂപയാക്കി വർദ്ധിപ്പിച്ചു.

(ഇ) പട്ടികവിഭാഗം വിദ്യാർത്ഥികളുടെ വിജയ ശതമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഇ) 8,9,10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി നിലവാരമുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ ചേർത്ത് പഠിപ്പിക്കുന്നതിനുള്ള ട്യൂഷൻ ഫീസ് രക്ഷിതാക്കൾക്ക് നൽകി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള പ്രീ മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക ട്യൂഷൻ നൽകുന്നതിന് പാർട്ട് ടൈം ട്യൂട്ടർമാരെ നിയോഗിച്ചിട്ടുണ്ട്.

SSLC പരീക്ഷയ്ക്കായി തയ്യാറെടുക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ നിലവിലില്ലാത്തതും പട്ടികവർഗ്ഗ ജനസംഖ്യ കൂടുതലുള്ളതുമായ പ്രദേശങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സംഘടിപ്പിച്ച് അതത് സ്കൂളുകളിൽ വച്ച് SSLC പരീക്ഷയ്ക്ക് മുമ്പായി പ്രത്യേക റസിഡൻഷ്യൽ പരിശീലന പരിപാടി നടത്തിവരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിന് സ്ഥാപിതമായ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രത്യേക

കോച്ചിംഗ് നടത്തുന്നു. കമ്മ്യൂണിക്കേറ്റീവ്/ സ്പോക്കൺ ഇംഗ്ലീഷിൽ പ്രത്യേക പരിശീലനവും നൽകിവരുന്നുണ്ട്. അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡവലപ്മെന്റ് സ്കീം പ്രകാരം മിടുക്കരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ 5 ാം ക്ലാസ്സ് മുതലുള്ള തുടർ പഠനത്തിന് എല്ലാ സഹായങ്ങളും നൽകി വരുന്നു.

(എഫ്) മികച്ച വിജയം നേടുന്നവർക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ ?

(എഫ്) SSLC/+2/Degree Course കൾ/ ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ് അനുവദിച്ച് വരുന്നു. കൂടാതെ സംസ്ഥാന തലത്തിൽ SSLC പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടുന്ന വിദ്യാർത്ഥികൾക്കും +2, VHSE പരീക്ഷയിൽ എല്ലാ ഗ്രൂപ്പുകളിലും ഒന്നാം റാങ്ക് നേടുന്ന വിദ്യാർത്ഥികൾക്കും മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ഒന്നാം റാങ്ക് നേടുന്നവർക്കും 4 ഗ്രാം വീതം തൂക്കമുള്ള സ്വർണ്ണ മെഡലുകൾ സമ്മാനിക്കുന്നു. പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള പൊതു പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹന അവാർഡ് നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

[illegible]

[signature]

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 150 27.12.2010-ൽ മറുപടിയ്ക്ക്

പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എച്ച്. കുഞ്ഞമ്പു:<br>" കെ.സി. കുഞ്ഞിരാമൻ:<br>" കെ.ടി. ജലീൽ:<br>ശ്രീമതി. കെ.എസ്. സലീഖ: | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |

(എ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(എ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന വെജിറ്റബിൾ മിഷൻ രൂപീകരിച്ച് ഒരു സമഗ്ര പച്ചക്കറി കൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി വനിതാ ഗ്രൂപ്പുകൾ സംഘടിപ്പിച്ച് പച്ചക്കറി കൃഷി നടത്തുവാനും രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി മുഖേന പച്ചക്കറി കൃഷി നടത്തുവാനും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ കാർഷിക വൃത്തിയുടെ എല്ലാ ഘട്ടങ്ങളിലും, എല്ലാ ജില്ലകളിലും ഉള്ള കർഷകർക്ക് വിവിധ തരത്തിലുള്ള സഹായങ്ങൾ നല്കുന്നതിനായി വി.എഫ്.പി.സി.കെ. മുഖേന വിവിധ പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. വി.എഫ്.പി.സി.കെ. കർഷകരുടെ ഉന്നമനത്തിനായി സർക്കാർ ഗ്രാന്റ് കൂടാതെ ആർ.കെ.വി.വൈ., എസ്.എച്ച്.എം, ആർ.എസ്.വി.വൈ എൻ.എ.ഐ.പി., ഡി.എം.ഐ. എന്നീ ഏജൻസികളുടെ പദ്ധതികളും നടപ്പിലാക്കി വരുന്നു.

......2)

(ബി) ആയിരം പച്ചക്കറി ഗ്രാമ പദ്ധതി പ്രകാരം പച്ചക്കറി ഉല്പാദനത്തിൽ എന്തു മാത്രം വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞു; ഈ പദ്ധതി കൂടുതൽ ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) 2008-09 മുതൽ 2009-10 വരെ നടപ്പിലാക്കിയ ആയിരം പച്ചക്കറി ഗ്രാമ പദ്ധതി മുഖേന പ്രതിവർഷം ശരാശരി 40,000 ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചു. ഈ പദ്ധതി പ്രകാരം വി.എഫ്.പി.സി.കെ 13,422 ടൺ പച്ചക്കറി ഉല്പാദിപ്പിച്ചു. ഈ പദ്ധതിയുടെ തുടർച്ചയായി സമഗ്ര പച്ചക്കറി വികസന പദ്ധതിയും ഭക്ഷ്യ സുരക്ഷാ പദ്ധതി മുഖേനയുള്ള പച്ചക്കറി കൃഷിയും ആർ.കെ.വി.വൈ മുഖേനയുള്ള പച്ചക്കറി കൃഷിയും നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതികൾ മുഖേന 5,000 ഹെക്ടർ സ്ഥലത്ത് ഗ്രാമാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടത്തി വരുന്നു.

(സി) ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനത്ത് ഒരു ജൈവകാർഷിക നയം പ്രഖ്യാപിക്കുകയും, ഇതിന്റെ നടത്തിപ്പിനായി ഒരു ഓർഗാനിക് കേരളാ മിഷൻ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഹെക്ടർ ഒന്നിന് 10,000/- രൂപ നിരക്കിൽ സബ്സിഡി നൽകിക്കൊണ്ട് പച്ചക്കറി കൃഷി ജൈവ മാർഗ്ഗം നടപ്പാക്കുന്നതാണ്. എല്ലാ ജില്ലകളിലുമായി 20 ബ്ലോക്കുകളിൽ ഈ പദ്ധതി നടപ്പാക്കി വരുന്നു.

വി.എഫ്.സി.കെ. **ഈ സാമ്പത്തിക വർഷം 10000 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി**

.....3)

ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 125 ജൈവ കർഷക കൂട്ടായ്മകൾ രൂപീകരിച്ചിട്ടുണ്ട്.

കൂടാതെ ജൈവകൃഷി ശില്പശാലകൾ, ജൈവകൃഷി തോട്ടങ്ങളിലേക്കുള്ള പഠനയാത്രകൾ, മാതൃകാ ജൈവ പച്ചക്കറികൃഷിത്തോട്ടങ്ങൾ, വീട്ടുവളപ്പിലെ ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 1000 ഹരിതനഗരി യൂണിറ്റുകൾ എന്നിവയും നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| (ഡി) | മെച്ചപ്പെട്ട പച്ചക്കറി വിത്തുകളും പച്ചക്കറി തൈകളും കൃഷി ഭവനുകൾ മുഖേന സൗജന്യമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (ഡി) | വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പച്ചക്കറി വിത്ത് കിറ്റുകൾ സൗജന്യമായി കൃഷി ഭവൻ മുഖേന വിതരണം ചെയ്തു വരുന്നു. വി.എഫ്.പി.സി.കെ.യുടെ ആഭിമുഖ്യത്തിൽ ഈ സാമ്പത്തിക വർഷം 20 ലക്ഷം പച്ചക്കറിത്തൈകൾ സൗജന്യമായി വിതരണം ചെയ്തു വരുന്നു. |
| (ഇ) | ഹരിതശ്രീ പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കിയിട്ടുള്ളത്; കൂടുതൽ ജില്ലകളെ പച്ചക്കറി ജില്ലകളാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | ഇടുക്കി ജില്ലയിലാണ് ഹരിതശ്രീ പദ്ധതി 2007-08-ൽ നടപ്പിലാക്കിയത്. ഹരിതശ്രീ പദ്ധതി, ആയിരം പച്ചക്കറി ഗ്രാമ പദ്ധതി എന്നിവയുടെ വിവിധ ഘടകങ്ങൾ സംയോജിപ്പിച്ചാണ് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇപ്പോൾ നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി കൃഷി പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ